(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി12/2301/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്
ഫോൺ: 04952371012
Email- dokkd.ksad@kerala.gov.in

തീയതി: 12-1-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി- പി12- 2301/2016. തിയ്യതി:12-01-2017

കോഴിക്കോട് ജില്ലയിലെ തലകുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലകുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2015മുതൽ 31-3-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.കെ.കെ.സതീഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.11.2016 മുതൽ 14.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.കെ.പി.ഹരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.സി.പി.സതീഷ് കുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കുമാരി.അഖില.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ടി.പ്രമീള | 1.4.2015മുതൽ 31.10.2015വരെ |
| | ശ്രീ. സി.പ്രകാശൻ | 19.11.2015മുതൽ 31.3.2016വരെ |
| സെക്രട്ടറി | ശ്രീ . സി. ശിവാനന്ദൻ നായർ | 1.4.2015 മുതൽ 31.3.2016വരെ |

നിർവഹണോദ്യോഗസ്ഥൻ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുലൈമാൻ.കെ | 1.4.2015മുതൽ 28.2.2016വരെ |
| | ശ്രീ.ഷിബിൻ.കെ.കെ(എ.എസ് ഇൻ ചാർജ്) | 1.3.2016മുതൽ 31.3.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അശ്വതി.ബി | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.ഹമീദ്.എൻ.കെ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സി.കെ.നിഷ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ബിന്ദു.കെ | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.അംബിക രാജൻ നമ്പ്യാർ | 1.4.2015മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സ്വപ്ന.പി.കെ | 1.4.2015മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.സുധീര.എസ്.കെ | 1.4.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീ.കൃഷ്ണദാസൻ.കെ | 1.4.2015മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഹർഷലത.കെ | 1.4.2015മുതൽ 1.6.2015 വരെ |

| | | |
|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.കെ.ടി വിജയൻ | 1.4.2015മുതൽ 31.3.2016 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.ശ്രീജിത്ത്.സി.പി | 1.4.2015മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം - 1 പൊതു അവലോകനം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| ഭാഗം -2വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 11 | റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| 12 | വസ്തു നികുതി നിർണ്ണയം- ഇളവുകളും വർദ്ധനവും- അപാകതകൾ | 2-3 |
| 13 | കെട്ടിടം കൂട്ടിച്ചേർക്കൽ – അപാകതകൾ | 2-4 |
| 14 | വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യം/ ഓഫീസ് ആവശ്യം എന്നീ നിരക്കിൽ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നു. | 2-5 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 |
| 16 | സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം വേതനം നൽകുന്നില്ല | 2-7 |
| ഭാഗം -3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | വി.ആർ.എസ് നിരക്ക്- മാർക്കറ്റ് വിലയേക്കാൾ കൂടുതൽ ടാറിന് നൽകി. | 3-1 |
| 18 | ജി.എൽ.പി സ്കൂൾ- ടോയ് ലറ്റ് നിർമ്മാണം ചെങ്കല്ല് ഉപയോഗിച്ച് ചുമർ കെട്ടുന്നതിന് അധിക നിരക്ക് നൽകി | 3-2 |
| 19 | കോൺക്രീറ്റ് ഫോം വർക്കിന് അധിക നിരക്ക് നൽകി | 3-3 |
| 20 | പറപ്പാറ കോളനി കിണർ റിപ്പയർ-പദ്ധതി പൂർത്തിയായില്ല | 3-4 |
| 21 | ടാർ ഉപയോഗിച്ച് ചെയ്ത വിവിധ പ്രവൃത്തികൾ ടാറിന് അധിക നിരക്ക് | 3-5 |

| | | |
|---|---|---|
| | അനുവദിച്ചു. | |
| 22 | തിരിച്ചീടാക്കാനുള്ളതിനേക്കാൾ കൂടുതൽ തുക അടവാക്കി | 3-6 |
| 23 | തെരുവ് വിളക്ക് – ഷോർട്ട് അസസ് മെൻറ് – തുക ഒടുക്കിയതിലെ അപാകതകൾ | 3-7 |
| 24 | തുല്യതാ പഠനം- കോഴ്സ് ഫീസ് അടവാക്കിയതിന് രേഖകളില്ല | 3-8 |
| 25 | ആട്ട ഗ്രാമം പദ്ധതി – അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-9 |
| 26 | സർവ്വ ശിക്ഷാ അഭിയാൻ വിഹിതം അടവാക്കിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 3-10 |
| 27 | ഐ.എ.വൈ വിഹിതം അടവാക്കിയത്- ഔദ്യോഗിക രശീതിയും വിശദമായ വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല | 3-11 |
| 28 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം- വിതരണം ചെയ്യാൻ വൈകി | 3-12 |
| 29 | 5-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും- വ്യാപകമായ പ്രചാരണം നൽകാതെ പരിമിതപ്പെടുത്തി | 3-13 |
| 30 | സമ്പൂർണ്ണ ശുചിത്വ ഗ്രാമം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-14 |
| 31 | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം- അപാകതകൾ | 3-15 |
| 32 | അതുല്യം തുടർ സാക്ഷരത- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-16 |
| 33 | തെരുവ് നായ വന്ധ്യംകരണം- വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 3-17 |
| ഭാഗം-4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 38 | ഓഡിറ്റ് റിക്കവറി | 4-5 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 23.3.2016 തിയതിയിലെ 50/16ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 20.7.2016 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29016219 |
| വരവ് | 35598053 |
| ആകെ | 64614272 |
| ചെലവ് | 48461493 |
| നീക്കിയിരിപ്പ് | 16152779 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3178587 | 8644854<br>2150000 | 13235510 | 4043072 | 0 | 100 | 7042438 |
| വികസനഫണ്ട് എസ്.സി.പി. | 2276131 | 3540300 | 5816431 | 3691736 | 0 | 100 | (-)2124645 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 1272550 | 1279000 | 2551550 | 2551550 | 0 | 100 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1263477 | 1877309 | 3140786 | 3140786 | 0 | 100 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 694819 | 6038826 | 6733645 | 4172546 | 0 | 100 | (-)2561094 |
| പെർഫോമൻസ് ഗ്രാന്റ് | 2913000 | 1607321 | 4520321 | 2163677 | 0 | 100 | (-)2356644 |
| എം.എൻ.ആർ.ഇ.ജി.എസ്. | 32806 | 11985852 | 12018658 | 12017802 | 856 | 99.71 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 31516986 | 31516986 | 31516986 | 0 | 100 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 57224095 | 114 | 34892157 | | 50 | 69.51 |

## 1-6 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം13.30 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3558505 | 3012071 | 546434 | (-)15.35 |
| നികുതിയേതര വരവുകൾ | 840550 | 752058 | 88492 | (-)10.52 |
| മറ്റുവരവുകൾ | 75044 | 114607 | 39563 | (+)52.71 |
| ആകെ | 4474099 | 3878736 | 595363 | (-)13.30 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 512880 | 282 |
| കർഷകതൊഴിലാളി പെൻഷൻ | 6327690 | 858 |
| വിധവാപെൻഷൻ | 8594080 | 926 |
| വാർദ്ധക്യകാലപെൻഷൻ | 11235840 | 1436 |
| വികലാംഗപെൻഷൻ | 2847115 | 284 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1606520 | 170 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2016 ന് രാവിലെ 10 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.6.2016 | 1.2.2016മുതൽ 31.5.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.2010 മുതൽ 20.4.2010 വരെ | 2005-06 മുതൽ 2009-10 വരെ | LBA(HQ)111/8A-1561/22 Dated 17.5.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിനായി അയച്ചു തന്ന 2015-16 വാർഷിക കണക്കുകൾ അനുബന്ധ രേഖകളുമായി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ കാണിച്ചിട്ടില്ല.
2. ഡെപ്പോസ്റ്റ് രജിസ്റ്റർ അപൂർണമാണ്. അതിനാൽ ബി-7,ബി-9 ഷെഡ്യൂളിലെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
3. ബജറ്റ് ഫങ്ഷൻ-ഫങ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുകയോ ആയത് സാംഖ്യയുമായി ബന്ധിപ്പിക്കുകയോ ചെയ്തിട്ടില്ല.
4. ടെണ്ടർ ഫോറം വില്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. വസ്തു നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 2-2 റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി I ഗ്രാമപഞ്ചായത്തിൽ 150 ച.മീ താഴെയുള്ള ഗ്രൂപ്പ് AI വാസഗൃഹങ്ങൾക്ക് ച.മീ ന് 2.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 5 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 7 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. 2015-16 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | റഗുലറൈസേഷൻ നമ്പർ,തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണം, ഒക്യുപൻസി | പെർമിറ്റ് ഫീ | രാജിയാക്കൽ ഫീ | ഈടാക്കേണ്ട ആകെ ഫീ | ഈടാക്കിയ ഫീ | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 1 | 85/15 | റഫീക്ക് കിഴക്കെകണ്ടിൽ | 182.01ച.മീവാസഗൃഹം | 910 | 1820 | 2730 | 1537/11408109174, 27.3.2015 | 283 |
| 2 | 87/15 | റിയാസ്,കിഴക്കെകണ്ടി | 167.94ച.മീ വാസഗൃഹം | 840 | 1680 | 2520 | 1422/11408109173, 27.3.2015 | 258 |
| 3 | 226/15 | അംബുജാക്ഷി അമ്മ, അംബുജം | 191.13 ച.മീ വാണിജ്യം | 1338 | 2676 | 4014 | 1000/11508102036, 30.9.2015 | 1676 |
| 4 | 284/15 | താഹ, പൊറ്റാലത്ത് | 201.28 ച.മീ വാസഗൃഹം | 1006 | 2012 | 3018 | 840/11508102616, 6.11.2015 | 1172 |
| 5 | 296/15 | ഷജീഷ്.കെ കുനിയിൽ | 126.85 ച.മീ വാസഗൃഹം | 317 | 634 | 951 | 510/11508102640, 11.11.2015 | 124 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| ആകെ | | | | | | | | 3513 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 10/7-12-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി നിർണ്ണയം- ഇളവുകളും വർദ്ധനവും -അപാകതകൾ

011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, എസ്.ആർ.ഒ നമ്പർ 37/2011, എസ്.ആർ.ഒ നമ്പർ 180/2013 തി.15.3.2013 എന്നിവ അടിസ്ഥാനമാക്കിയാണ് അടിസ്ഥാനവസ്തുനികുതിയിൽ ഇളവുകളും വർദ്ധനവും നല്കേണ്ടത്.

| ക്രമനമ്പർ | നികുതി നിർണ്ണയിക്കേണ്ട മാനദണ്ഡങ്ങൾ | വർദ്ധനവ് | ഇളവ് |
|---|---|---|---|
| 1 | മേഖല<br>പ്രഥമമേഖല<br>ദ്വിതീയമേഖല<br>തൃതീയമേഖല | --<br>--<br>-- | --<br>10%<br>20% |
| 2 | മേൽക്കൂര<br>കോൺക്രീറ്റ്<br>ഓട്,ഓല,ഷീറ്റ് | --<br>-- | --<br>10% |
| 3 | വഴിസൗകര്യം<br>5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയിൽ നിന്നുള്ള പ്രവേശനമാർഗ്ഗം<br>5 മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും<br>ഒന്നരമീറ്ററോ അതിൽകുറവോ വീതിയുള്ള വഴി<br>പൊതുവഴി സൗകര്യം ഇല്ലാത്തത് | 20%<br>--<br>--<br>-- | --<br>--<br>10%<br>20% |

| | | | |
|---|---|---|---|
| 4 | കാലപ്പഴക്കം<br>10 വർഷത്തിൽ താഴെ<br>10 മുതൽ 25 വർഷത്തിൽ താഴെ | --<br>-- | --<br>10% |
| 5 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ<br>മേൽത്തരം തടി(ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് 250 ച.മീ കൂടുതൽ)<br>സാധാരണതറ | 15%<br>-- | --<br>-- |
| 6 | എയർ കണ്ടീഷനിംഗ് സൗകര്യം<br>സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ സൗകര്യമുള്ളത്<br>സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ സൗകര്യമില്ലാത്തത് | 10%<br>-- | --<br>-- |

വസ്തുനികുതിയുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ 2015-16 ൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ താഴെ പറയുന്ന പ്രകാരം കുറവ് വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | NCR രജിസ്റ്റർ പ്രകാരം | ഉടമസ്ഥന്റെ പേര് | കെട്ടിടനമ്പർ | നികുതി നിർണ്ണയിക്കേണ്ട ഘടകങ്ങൾ | അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വാർഷിക വസ്തുനികുതി (ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം) | നിർണ്ണയിച്ച വാർഷിക വസ്തുനികുതി (ലൈബ്രറി സെസ് ഒഴികെ) | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 83 | അർഷാദ്<br>ആയിഷാ മൻസിൽ | TP 14/51A | പാർപ്പിടാവശ്യം<br>പ്രഥമമേഖല<br>കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>232.08 ച.മീ | 232.08x4=<br>928 | 1114 | 928 | 186 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 2 | 50 | ദിലീപൻ.ടി<br>തത്തംവല്ലി | 4/48A | പാർപ്പിടാവശ്യം<br>പ്രഥമമേഖല<br>കോൺക്രീറ്റ്<br>1.5 മീ കൂടുതലും 5 മീ കുറവും<br>111.62 ച.മീ | 111.62x4=446 | 446 | 401 | 45 |
| 3 | 13 | റുക്കിയ<br>കട്ടായത്ത് | 2/116 A | പാർപ്പിടാവശ്യം<br>പ്രഥമമേഖല<br>കോൺക്രീറ്റ്<br>1.5 മീ കൂടുതലും 5 മീ കുറവും<br>156.28 ച.മീ | 156.28x4=625 | 625 | 562 | 63 |
| 4 | 106 | രമ<br>മന്നാക്കണ്ടി | 4/376A | പാർപ്പിടാവശ്യം<br>ദ്വിതീയമേഖല<br>കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>210.31ച.മീ | 210.31x4=841 | 925 | 758 | 167 |
| 5 | 242 | മിനി.കെ<br>രാരോത്ത് | 7/1A | പാർപ്പിടാവശ്യം<br>ദ്വിതീയമേഖല<br>കോൺക്രീറ്റ്<br>1.5 മീ കൂടുതലും 5 മീ കുറവും<br>90.39ച.മീ | 90.39x4=362 | 326 | 290 | 36 |
| 6 | 241 | പ്രേമൻ<br>ളുൺമണ്ണിൽ | 6/458A | പാർപ്പിടാവശ്യം<br>പ്രഥമമേഖല<br>കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>128.48ച.മീ | 128.48x4=514 | 617 | 360 | 257 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 7 | 240 | ഗോകുൽദാസ് നടുവിലയിൽ | 8/479A | പാർപ്പിടാവശ്യം പ്രഥമമേഖല കോൺക്രീറ്റ് 5 മീ.കൂടുതൽ 158.82ച.മീ | 158.82x4=635 | 762 | 572 | 190 |
| 8 | 172 | ഇന്ദിര.പി പാലപ്പറമ്പത്ത് | TP10/12 | പാർപ്പിടാവശ്യം ദ്വിതീയമേഖല കോൺക്രീറ്റ് 5 മീ.കൂടുതൽ 191.04ച.മീ | 191.04x4=764 | 820 | 688 | 132 |
| 9 | 181 | രമേശൻ മീത്തലാത്തുറ്റ് | 7/91A | പാർപ്പിടാവശ്യം പ്രഥമമേഖല കോൺക്രീറ്റ് 5 മീ. കൂടുതൽ 97.30ച.മീ | 97.30x4=389 | 468 | 350 | 118 |
| 10 | 278 | ശ്രീധരൻ പടിഞ്ഞാറേ കൊട്ടക്കാട്ടിൽ | 7/207A | പാർപ്പിടാവശ്യം ദ്വിതീയമേഖല കോൺക്രീറ്റ് 5 മീ കൂടുതൽ 121.75ച.മീ | 121.75x4=487 | 536 | 439 | 97 |
| 11 | 176 | ഓമന അനുഷാഭവൻ | 11/315 | പാർപ്പിടാവശ്യം ദ്വിതീയമേഖല കോൺക്രീറ്റ് 5 മീ കൂടുതൽ 214.12ച.മീ | 214.12x4=856 | 942 | 857 | 85 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | 295 | സൗദ<br>ബൈത്തുൽ റഹ്മ | 11/48A | പാർപ്പിടാവശ്യം<br>പ്രഥമമേഖല<br>കോൺക്രീറ്റ്<br>1.5 മീ.കുറവ്<br>83.73ച.മീ | 83.73x4=335 | 302 | 269 | 33 |
| 13 | 308 | സന്തോഷ്.കെ.എം<br>കാലാരത്ത് മീത്തൽ | 8/260B | പാർപ്പിടാവശ്യം<br>ദ്വിതീയമേഖല<br>കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>91.20ച.മീ | 91.20x4=365 | 402 | 329 | 73 |
| 14 | 334 | ശ്രീലത<br>അമ്പിടി | TP 12/258 | പാർപ്പിടാവശ്യം<br>ദ്വിതീയമേഖല<br>കോൺക്രീറ്റ്<br>5 മീ.കുറവും 1.5 മീ.കൂടുതലും<br>106.97ച.മീ | 106.97x4=428 | 386 | 332 | 54 |
| 15 | 335 | സുന്ദരൻ<br>കേയക്കണ്ടിയിൽ | 4/452A | പാർപ്പിടാവശ്യം<br>ദ്വിതീയമേഖല<br>കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>92.32ച.മീ | 92.32x4=369 | 405 | 333 | 72 |
| 16 | 336 | ഷറീന<br>തൈക്കാണി | 4/97A | പാർപ്പിടാവശ്യം<br>ദ്വിതീയമേഖല<br>കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>97.84ച.മീ | 97.84x4=391 | 430 | 353 | 77 |
| 17 | 216 | ആയിഷാബി<br>ആറള | 8/284A | വാണിജ്യാവശ്യം<br>ദ്വിതീയമേഖല | 10.35x30=311 | 342 | 280 | 62 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>10.35ച.മീ | | | | |
| 18 | 217 | ആയിഷാബി<br>ആറള | 8/284B | വാണിജ്യാവശ്യം<br>ദ്വിതീയമേഖല<br>കോൺക്രീറ്റ്<br>5 മീ.കൂടുതൽ<br>10.35ച.മീ | 10.35x30=311 | 342 | 280 | 62 |
| ആകെ | | | | | | | | 1809 |

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 12/7-12-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ഓഡിറ്റിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അപാകത പരിഹരിച്ച് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക 1809, ലൈബ്രറി സെസ് 90 രൂപ എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും വസ്തുനികുതി മേൽ പറഞ്ഞ രീതിയിൽ നിജപ്പെടുത്തേണ്ടതുമാണ്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും ചട്ട പ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതുമാണ്.

## 2-4 കെട്ടിടം കൂട്ടിചേർക്കൽ- അപാകതകൾ

തലകുളത്തൂർ ഗ്രാമപഞ്ചായത്തിലെ 1/199,1/200 എന്നീ കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന അന്നശ്ശേരി കയർ വ്യവസായ സഹകരണ സംഘം പ്രസിഡന്റ് ശ്രീ.പി.കെ.പുരുഷു മുഖേനെ കെട്ടിടം കൂട്ടിചേർക്കുന്നതിനായി അപേക്ഷിക്കുകയും പെർമിറ്റ് നൽകുകയും ചെയ്തു. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| അപേക്ഷാനമ്പർ | A1 125/15 dt 7.1.2015 |
| സർവ്വെ , റി സർവ്വെ നമ്പർ | 11ൽ 25/513, 13 ൽ 1,22/5 |
| ആകെ വിസ്തൃതി | 23 സെന്റ് (931 ച.മീ) |
| വാർഡ് നമ്പർ | 1 |
| വില്ലേജ് | തലകുളത്തൂർ |
| തരം | 5 സെന്റ് നഞ്ചയൊഴികെ തോട്ടം |
| നിലവിലുള്ള തറവിസ്തീർണ്ണം | 523.07 ച.മീ |
| വിനിയോഗം | ഗ്രൂപ്പ് G1 ചെറുതും ഇടത്തരം അപായ സാധ്യതയുമുള്ള വ്യവസായം |
| കൂട്ടിചേർക്കേണ്ട തറവിസ്തീർണ്ണം | GF- 141.16 ച.മീ, FF-54.06 ച.മീ |
| കൂട്ടിചേർത്തതിനുശേഷം ആകെ തറവിസ്തീർണ്ണം | 718.29 ച.മീ |
| പെർമിറ്റ് നമ്പർ | BL-A3-125/19/2015 dt 12.6.2015 |

നിലവിലുള്ള കെട്ടിടത്തിന് കൂട്ടിചേർത്തുള്ള നിർമ്മാണത്തിനാണ് പെർമിറ്റ് നൽകിയത്. നിലവിൽ കെട്ടിടത്തിന്റെ വിനിയോഗം ഗ്രൂപ്പ് G1ൽ ഉൾപ്പെടുന്നതും (ചെറുതും ഇടത്തരം അപായ സാധ്യതയുമുള്ള വ്യവസായവും) എന്നാൽ കൂട്ടിചേർത്തതിനു ശേഷമുള്ള വിനിയോഗം ഗ്രൂപ്പ് G2 ൽ (കൂടുതൽ അപായ സാധ്യതയുമുള്ള വ്യവസായം) ആകുന്നു. ചട്ടം 34 (3) കാണുക.

ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ FAR,

(എല്ലാ നിലകളുടെയും തറവിസ്തീർണ്ണം/ പ്ലോട്ട് വിസ്തീർണ്ണം) =718.29/931=0.77

കെട്ടിടത്തിന്റെ വ്യാപ്തി

(ഏതൊരു നിലയിലെയും പരമാവധി നിർമ്മിത വിസ്തീർണ്ണംX100

/പ്ലോട്ട് വിസ്തീർണ്ണം) = 664.36/931X100=71.35

ഇതിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ ചട്ടം 35(2) പ്രകാരം വ്യത്യസ്ത കൈവശാവകാശങ്ങളുടെ കെട്ടിടത്തിന്റെ വ്യാപ്തിയുടെ ശതമാനവും തറവിസ്തീർണ്ണാനുപാത മൂല്യവും (FAR) പട്ടിക 2 ൽ വ്യക്തമാക്കിയിരിക്കുന്ന പരമാവധിയിൽ കവിയാൻ പാടില്ലാത്തതാണ്. കൂടുതൽ ആപൽക്കരവുമായ വ്യവസായം-G2 ന് പരമാവധി അനുവദനീയമായ വ്യാപ്തി 40 ശതമാനമാണ് (കാറ്റഗറി I പഞ്ചായത്ത്). പെർമിറ്റ് നൽകിയ കെട്ടിടത്തിന്റെ വ്യാപ്തി 71.35 ആണ്.

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ ചട്ടം 79(1) പ്രകാരം ഈ ചട്ടത്തിലെ 82ാം ചട്ടപ്രകാരം രൂപീകരിച്ച സമിതിയ്ക്ക് അനുവദിക്കാവുന്ന പരമാവധി വ്യാപ്തി - കൂടുതൽ അപായകരമായ വ്യാവസായിക കൈവശഗണങ്ങൾക്ക് 50 ശതമാനം കവിയാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഈ കെട്ടിടത്തിന്റെ വ്യാപ്തി 71.35 ആണ്.

2) ചട്ടം 59(2) പ്രകാരം ഗണം G2 കൈവശാവകാശ ഗണങ്ങളുടെ കാര്യത്തിൽ പ്ലോട്ടുകളുടെ ഉപയോഗത്തിനും/അല്ലെങ്കിൽ 300 ച.മീ മുകളിലും 1000 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ലേഔട്ടിനും വേണ്ടി ജില്ലാ ടൗൺ പ്ലാനറുടെ അനുവാദം നേടേണ്ടതാണ്. ഇക്കാര്യം ഓവർസിയർ നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടും യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ജില്ലാ ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അഭാവത്തിൽ പെർമിറ്റ് നല്കിയത് ശരിയല്ല.

3) ചട്ടം 59(11a) പ്രകാരം കെട്ടിടപെർമിറ്റ് നൽകുന്നതിനുമുമ്പ് അഗ്നിശമന ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തിയ ഓഫീസറിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ അത്തരത്തിലൊരു സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ചട്ടം 59(12) വ്യാവസായിക കെട്ടിടങ്ങളുടെ അഗ്നിസുരക്ഷ സംബന്ധിക്കുന്ന എല്ലാ ആവശ്യകതകളും 2005 ലെ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇൻഡ്യയുടെ അഗ്നി സുരക്ഷയുടെയും ജീവരക്ഷയുടെയും IVാം ഭാഗം 3ാം നമ്പർ ഭേദഗതിയിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

4) ചട്ടം 59(4) പ്രകാരം ഭൂനിരപ്പിൽ നിന്നും 10 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് താഴെ പറയുന്നവയിൽ കുറയാത്ത തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്.

| തുറസ്സായ സ്ഥലം | ഗണം G2 |
|---|---|
| ഉമ്മറം/മുറ്റം | 7.5 മീ |
| പാർശ്വാങ്കണങ്ങൾ | 3 മീ |
| പിന്നാമ്പുറം | 7.5 മീ |

എന്നാൽ കെട്ടിടത്തിന് ഉമ്മറം 3 മീ, പാർശ്വാങ്കണങ്ങൾ 1.5 മീ, 1.2 മീ, പിന്നാമ്പുറം അതിരിനോട് ചേർന്നുമാണ്.

4) ചട്ടം 59(5) പ്രകാരം കെട്ടിടത്തിലേക്കുള്ള ഏറ്റവും ചുരുങ്ങിയ പ്രവേശനവീതി 700 ച.മീ മുകളിലുള്ള G2 കെട്ടിടങ്ങൾക്ക് 7 മീറ്ററാണ്. എന്നാൽ പ്ലാനിൽ റോഡിന്റെ വീതി 2.25 മീറ്റർ മാത്രമാണ്.

5)കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 38 (2) പട്ടിക 4B പ്രകാരം ഗണം G2-കൂടുതൽ അപായ സാധ്യതയുള്ള വ്യവസായത്തിന് 200 ച.മീ കാർപ്പെറ്റ് വിസ്തീർണ്ണമുള്ള തെരുവ് വിട്ടുള്ള പാർക്കിംഗ് ഒരുക്കേണ്ടതാണ്. 38(3) പ്രകാരം തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടി വേണം ഓരോ തെരുവ് വിട്ടിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത്. ഇത് കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും ഇടനാഴിയും മറ്റ് ആവശ്യമായ സൗകര്യങ്ങളും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ്.എന്നാൽ പ്ലാനിൽ പാർക്കിംഗ് കാണിച്ചിട്ടില്ല.

6)ചട്ടം 59(7) പ്രകാരം ഏതെങ്കിലും പ്രവർത്തിമുറിയുടെ ഉയരം തറനിരപ്പിൽനിന്ന് സീലിംഗിന്റെ അടിഭാഗത്തെ ഏറ്റവും ഏറ്റവും താഴ്ന്നതുമായ ഭാഗത്തേക്ക് അളന്നാൽ 3.6 മീ.കുറയാൻ പാടില്ലാത്തതാണ്. നിർദ്ദിഷ്ട പ്ലാനിൽ താഴെനിലയിലെ പ്രവർത്തിമുറിയുടെ ഉയരം 3 മീറ്ററും ഒന്നാംനിലയിലേത് 2.75 മീറ്ററും ആണ്.

7) ചട്ടം 44 (2) പ്രകാരം കോണിപ്പടിയ്ക്ക് ഏറ്റവും ചുരുങ്ങിയത് 1.20 മീറ്റർ വീതി, 44(3) പ്രകാരം ഓരോ ചവിട്ടുപടിയ്ക്കും ഏറ്റവും കുറഞ്ഞത് 30 സെന്റിമീറ്റർ വീതി എന്നിവ ഉണ്ടായിരിക്കേണ്ടതും 44(4) പ്രകാരം ഓരോ ചവിട്ടുപടിയുടെയും ഉയരം 15

സെന്റിമീറ്ററിൽ കവിയാൻ പാടില്ലാത്തതുമാണ്.എന്നാൽ പ്ലാനിൽ വീതി, ചവിട്ടുപടിയുടെ വീതി, ഉയരം എന്നിവ യഥാക്രമം 90, 25, 19.68 സെന്റിമീറ്റർ എന്നാണ്.

8) ചട്ടം 50(2) പ്രകാരം പാർപ്പിടം ഒഴികെയുള്ള കൈവശഗണങ്ങളുടെ കാര്യത്തിൽ നിർഗ്ഗമനവാതിലിന്റെ വീതി 1.2 മീ.കുറയാൻ പാടില്ലാത്തതാകുന്നു. പ്ലാനിൽ യഥാക്രമം 1.2മീ, 1മീ എന്നിവയാണ്.

9)97A നിലവിലുള്ള കെട്ടിടങ്ങൾക്ക് മേലുള്ള കൂട്ടിച്ചേർക്കലുകൾ തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ- ലെ (6)ാം ചട്ടം പ്രകാരം ഗണം G2- കൂടുതൽ അപായകരമായ വ്യവസായികത്തിനു കീഴിൽ വരുന്ന ഒരു കെട്ടിടവും മാറ്റം വരുത്തൽ, അല്ലെങ്കിൽ നിലകളുടെ കൂട്ടിച്ചേർക്കൽ അല്ലെങ്കിൽ മേൽക്കൂര പരിവർത്തനം എന്നിവ ഈ ചട്ടത്തിനു കീഴിൽ അനുവദിക്കാവുന്നതല്ല. എന്നാൽ ഇവിടെ പെർമിറ്റ് നൽകിയിട്ടുണ്ട്.

10) കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 7(1) പ്രകാരം ഡ്രോയിംഗുകളും സ്റ്റേറ്റുമെന്റുകളും തയ്യാറാക്കിയ സൂപ്പർവൈസറുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പ്രതി അപേക്ഷയോടൊപ്പം സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.7(11) a (iii) പ്രകാരം നിർദ്ദിഷ്ട കെട്ടിടം ഏതെങ്കിലും തെരുവിനടുത്താണ് നിർമ്മിക്കുന്നതെങ്കിൽ ആ തെരുവിന്റെ പേര് സൈറ്റ്പ്ലാനിൽ കാണിക്കേണ്ടതാണ്. കെട്ടിടത്തിനോട് ചേർന്ന തെരുവിന്റെ പേര് വ്യക്തമാക്കിയിട്ടില്ല.

മേൽ പറഞ്ഞകെട്ടിടത്തിന്റെ സൈറ്റ് പരിശോധനയിൽ ചട്ടം 59(4), 59(5) എന്നിവ പാലിക്കുന്നില്ലയെന്നും സൈറ്റിന്റെ ഒരു കൈവശം നിലമാണെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പ്രസ്തുത കെട്ടിടം 500 ച.മീ മുകളിലായതിനാൽ RTP യിലേയ്ക്ക് അയക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ഫയൽ RTP യിലേക്ക് അയച്ചതിന്റെ രേഖകളില്ല. എന്നാൽ 24.3.2015 ലെ ഭരണസമിതി തീരുമാനം നമ്പർ 56/2015 പ്രകാരം കെട്ടിടത്തിന് അനുമതി നൽകാൻ തീരുമാനിച്ചു.

നിലവിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പാലിക്കാത്തതും മേൽ പറഞ്ഞ ചട്ടങ്ങൾ ലംഘിക്കുന്നതുമായ ടി കെട്ടിടത്തിന് പെർമിറ്റ് നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 13/7-12-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ നിർമ്മാണ അനുമതി നൽകിയെങ്കിലും യാതൊരു വിധ നിർമ്മാണ പ്രവർത്തികളും ആരംഭിച്ചിട്ടില്ലെന്ന് സ്ഥലപരിശോധനയിൽ മനസ്സിലായതായി മുൻസെക്രട്ടറി അറിയിച്ചിട്ടുണ്ട്.ആയതിനാൽ നിലവിലെ കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദാക്കുന്നതിനും ഉടമയോട് നിയമപരമായ നിജവഴിയിലൂടെ കെട്ടിട നിർമ്മാണ അനുമതി വാങ്ങുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകുന്നതിനുമുള്ള നടപടികൾ നിലവിലെ സെക്രട്ടറി മുഖേന കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എ3-125/2015 തി. 13.12.2016മുഖേന സെക്രട്ടറി കെട്ടിടഉടമയ്ക്ക് പെർമിറ്റ് റദ്ദാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ നോട്ടീസ് നൽകുകയുണ്ടായി. പെർമിറ്റ് റദ്ദ് ചെയ്യാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യം/ഓഫീസ് ആവശ്യം എന്നീ നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു.

ഡി ആന്റ് ഒ രജിസ്റ്റർ, വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ (form 6) എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങൾ വാണിജ്യാവശ്യത്തിനുപയോഗിക്കുന്നതും പാർപ്പിടാവശ്യം/ഓഫീസ് ആവശ്യാർത്ഥം നികുതി ചുമത്തപ്പെട്ടവയുമാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷാ നമ്പർ(ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം), അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം | വസ്തുനികുതി ( സഞ്ചയ അസസ്മെന്റ് പ്രകാരം) |
|---|---|---|---|
| 1 | 193, തസ്ലീഹ് കുപ്പൻകണ്ടി | 3/203A<br>3/203B<br>3/203C | ഓഫീസ് ആവശ്യം<br>4234,315, 5267 രൂപ (യഥാക്രമം) |

| | | | |
|---|---|---|---|
| 2 | 204, ബഷീർ, ഇബ്രാഹിം | 16/614 | പാർപ്പിടാവശ്യം<br>199 രൂപ |
| 3 | 215, പ്രജോഷ്ലാൽ<br>കവനകുഴിയിൽ | 8/196 | പാർപ്പിടാവശ്യം<br>83 രൂപ |
| 4 | 239, റുജാസ്ബാബു<br>സി.വി ഹൗസ് | 14/470<br>14/471 | പാർപ്പിടാവശ്യം<br>552 രൂപ വീതം |

ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതും പാർപ്പിടാവശ്യം, ഓഫീസ് ആവശ്യം എന്നിവയ്ക്ക് നികുതി ചുമത്തപ്പെട്ടവയും ആണ്. ടി കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റുന്നതിന് പഞ്ചായത്തിന്റെ അനുമതി നേടിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 11/7-12-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനു വസ്തുനികുതി ചുമത്തിയ കെട്ടിടങ്ങളിൽ ഉപയോഗക്രമം മാറ്റാതെ വാണിജ്യ ആവശ്യത്തിനു ലൈസൻസ് നൽകിയത് പരിശോധിച്ച് ഒക്യുപൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ അസസ്മെന്റ് പരിശോധിച്ച് ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള വസ്തുനികുതി ചുമത്തപ്പെട്ടവയാണെന്ന് ഉറപ്പുവരുത്തേണ്ടതും അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ കുറ്റമറ്റതാക്കേണ്ടതുമാണ്.ഒക്യുപൻസി മാറ്റാതെ കെട്ടിടം ഉപയോഗിക്കുന്ന ഉടമകളുടെ കാര്യത്തിൽ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-6 <u>തൊഴിൽനികുതി ഈടാക്കിയില്ല.</u>

1) പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ, ഭരണസമിതി മിനുട്ട്സ് എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലേറെ പേർ ജോലിചെയ്യുന്നതായി രേഖപ്പെടുത്തി കണ്ടു. എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയതായി കണ്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ഡി ആന്റ് ഒ പ്രകാരമുള്ള അപേക്ഷാ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | വാർഡ്,കെട്ടിടനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 182 | മുജീബ്റഹ്മാൻ.കെ.ടി<br>എം.ആർ.മാർക്കെറ്റിംഗ് | 4/96, 4/95B | 4 |
| 2 | 229 | പി.വി.ഹാരിസ്, സെഞ്ചറി ഹോട്ടൽ | 10/168,10/169, 10/170, 10/171 | 4 |
| 3 | 248 | ഇയ്യാസ്, സൈക്ക ഹോട്ടൽ | 10/331A | 4 |
| 4 | 128 | അന്നശ്ശേരി കയർ സഹകരണ സംഘം | 1/199,1/200 | 100<br>24.3.2015 ലെ ഭരണസമിതി മിനുട്ട്സ് അജണ്ട 12<br>(ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ 39 പ്രകാരം നിലവിൽ 2 ജീവനക്കാരുടേതാണ് |

| | | | | |
|---|---|---|---|---|
| | | | | ഈടാക്കിയിട്ടുള്ളത്) |

2) KWA RMS section, മലാപറമ്പ്, കെ.എസ്.സി.എസ്.സി, ഡിപ്പോ, പോസ്റ്റ് ഓഫീസ് എടക്കര എന്നിവിടങ്ങളിൽ നിന്ന് ജീവനക്കാരുടെ രണ്ടാം അർദ്ധവാർഷിക തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 7/7-12-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ തൊഴിലുടമകൾക്ക് രേഖാമൂലം കത്ത് നല്കി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം വേതനം നൽകുന്നില്ല.

2015-16 വർഷത്തിൽ തൊഴിലുടമകൾ സമർപ്പിച്ച റിട്ടേൺ പ്രകാരം ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം | റിട്ടേൺപ്രകാരം ജീവനക്കാരുടെ ഒന്നാം അർദ്ധവാർഷ വരുമാനം(ജീവനക്കാരുടെ എണ്ണം) | റിട്ടേൺപ്രകാരം ജീവനക്കാരുടെ രണ്ടാം അർദ്ധവാർഷ വരുമാനം(ജീവനക്കാരുടെ എണ്ണം) | റിമാർക്സ് |
|---|---|---|---|---|
| 1 | കൊശമറ്റം ഫിനാൻസ് | മാനേജർ 44400 (1), സ്റ്റാഫ് 28800(3) | മാനേജർ 43500 (1), സ്റ്റാഫ് 25500 (3) | നമ്പർ 20549/ഇ1 /2015/തൊഴിൽ തി.28/7/2016 |
| 2 | മുത്തൂറ്റ് ഫിനാൻസ് | കസ്റ്റമർ സർവ്വീസ് എക്സിക്യൂട്ടീവ് 50000 (2) മാനേജർ 48000(1) | 48000(2) 30968(1) | നമ്പർ 20549/ഇ1 /2015/തൊഴിൽ തി.28/7/2016 |
| 3 | ഗ്രേസ് ഡെന്റൽ ക്ലിനിക്ക് | അസിസ്റ്റന്റ് 18000 (1) | അസിസ്റ്റന്റ് 18000 (1) | ജി.ഒ.(എം.എസ്) 135/2013തൊഴിൽ തി. 5/11/2013 |
| 4 | ന്യൂ വിമല ആയുർവേദിക് ഹോസ്പിറ്റൽ, പുറക്കാട്ടിരി | തെറാപ്പിസ്റ്റ് 18000 (2) | തെറാപ്പിസ്റ്റ് 10800 (2) | ജി.ഒ.എം.എസ്.135/2013 LBR തിയ്യതി 5-11-2013 പ്രകാരം തെറാപ്പിസ്റ്റ് തസ്തികയിൽ അടിസ്ഥാന വേതനം-7825 |
| 5 | അമൃതഭാരതി കേന്ദ്രീയ വിദ്യാലയം പറമ്പത്ത് | അധ്യാപകർ 22650 (1), 34820(2), 25184(2), 16340(1), 14046(1), 16500(1), 18275(1), 22500(1), 28250(1) | അധ്യാപകർ 26928(1), 16170(1), 18343(1), 34320(2), 26784(1), 29040(1), 25208(1), 24546(1), 24000(2), 15900(1) | സി.ബി.എസ്.ഇ അഫിലിയേഷൻ ബൈലോ 3(V) പ്രകാരം സി.ബി.എസ്.ഇ സ്കൂളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലിചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളിലെ ജീവനക്കാർക്ക് |

| | | | | |
|---|---|---|---|---|
| | | | | നൽകുന്ന ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്ന് വ്യവസ്ഥചെയ്യുന്നു. |
| 6 | പ്രോഗ്രസ്സീവ് പബ്ലിക്ക് സ്കൂൾ | അധ്യാപകർ<br>30000(3), 42000(2), 36000(5), 24000(1) | അധ്യാപകർ<br>30000(3), 42000(2), 36000(5), 24000(1) | സി.ബി.എസ്.ഇ അഫിലിയേഷൻ ബൈലോ 3(V) പ്രകാരം സി.ബി.എസ്.ഇ സ്കൂളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലിചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്ന് വ്യവസ്ഥചെയ്യുന്നു. |

മേൽ പ്രകാരമുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്ഥാപനഉടമ മിനിമം വേതനം നൽകാത്തതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന ചോർച്ച ഉണ്ടായിട്ടുണ്ട്. റിട്ടേണുകളുടെ കൃത്യത പരിശോധിക്കാതെ തൊഴിൽനികുതി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 1/7-12-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ തൊഴിലുടമകൾക്ക് മിനിമം വേതനം നല്കണമെന്ന് ആവശ്യപ്പെട്ട് രേഖാമൂലം കത്ത് നല്കുന്നതാണെന്നും അടുത്ത റിട്ടേണുകൾ സ്വീകരിക്കുമ്പോൾ മിനിമം വേതനം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഫോറം നമ്പർ VI ൽ ഉള്ള നോട്ടീസിൽ 15 ദിവസത്തിനുള്ളിൽ തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും സമർപ്പിച്ച റിട്ടേണിന്റെ കൃത്യത പരിശോധിച്ച് തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഡി.എസ്.ആർ നിരക്ക്- മാർക്കറ്റ് വിലയേക്കാൾ കൂടുതൽ ടാറിന് തുക നൽകി

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ഒരു ടണ്ണിന് 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയാണ് വിവിധ ഇനങ്ങൾക്ക് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതി: 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടാറിന്റെ വില പൊതുവിപണിയിൽ വർദ്ധിച്ചാൽ മാത്രമല്ല കുറഞ്ഞാലും ഈ ഉത്തരവ് ബാധകമാണ്. കൂടാതെ മരാമത്ത് പ്രവൃത്തികൾ ടെൻഡർ/കമ്മിറ്റികൾക്ക് ഏൽപ്പിച്ച് നൽകുമ്പോൾ ഇക്കാര്യം കരാറിൽ വ്യക്തമാക്കേണ്ടതാണ്. ഇതിന്റെ അഭാവത്തിൽ ടാർ ഉപയോഗിച്ച് ചെയ്യുന്ന ഇനങ്ങൾക്ക് വൻതുക അധികം തുക നൽകേണ്ടി വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എസ്റ്റിമേറ്റ്/കരാറുകാരൻ/ബിൽ നമ്പർ/ തുക/എം ബുക്ക് , കോസ്റ്റ് ഇൻഡക്സ്/ ടെൻഡർ തീയതി | ഇനം | ചെയ്ത പ്രവൃത്തി | ആവശ്യ മായ ടാർ | അനുവദി ച്ച തുക | അനുവദിക്കേണ്ടത്(മാർക്കറ്റ് റേറ്റിന് കോസ്റ്റ് ഇൻഡക്സ് ഇല്ല | അധികം |
|---|---|---|---|---|---|---|---|
| 1 | ചാത്തോത്ത് താഴം -എലിയോട്ട്മ്മൽ റോഡ് ടാറിംഗ്<br>എസ്റ്റിമേറ്റ് 4.8ലക്ഷം രൂപ<br>കൺവീനർ ബിന്ദു.സി<br>ബിൽ നം-47/<br>15-16<br>തീയതിഃ 3.3.16<br>കോസ്റ്റ് ഇൻഡക്സ് 1.38 | 9<br>10<br>11<br>12<br>13 | 36 എം.എം മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് 13.97 എം3<br>ടാക്ക്കോട്ട് 186.23ച.മീ.<br>ടാക്ക്കോട്ട് 414.78ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 607.83 ച.മീ<br>സീൽകോട്ട് 607.83 ച.മീ. | 27.94<br>93.115<br>311.085<br>875.275<br>595.673<br>1903.08 | 1.903x<br>41000x<br>1.381<br>=107750 | 1.903x<br>26123x<br>=49712 | 58038 |
| 2 | മുക്കം കടവ് റോഡ് -റീ ടാറിംഗ് കോസ്റ്റ് ഇൻഡക്സ് 1.381<br>കരാറുകാരൻഃ എം.രാമചന്ദ്രൻ<br>എം.ബുക്ക് - 88/15-16<br>എസ്റ്റിമേറ്റ് 10ലക്ഷം രൂപ<br>ചെക്ക് 1682931/തീയതി 26.3.16 തുകഃ 552900<br>ബിൽ നം-35/<br>29.03.16<br>തുക 40500<br>ടെൻഡർ കുറവ് | 10<br>11<br>12<br>13<br>14 | 36 എം.എം മെറ്റൽ ലെവ ലിംഗ് കോഴ്സ്<br>4.44 എം3<br>ടാക്ക്കോട്ട് 76.16ച.മീ.<br>ടാക്ക്കോട്ട് 992.9ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 1069.06ച.മീ<br>സീൽകോട്ട് 1069.06 ച.മീ. | 8.88<br>38.08<br>744.675<br>1539.45<br>1047.68/3.378 ടൺ | 3.378x<br>41000x<br>1.381x<br>95.8<br>100<br>=183233 | 3.378x<br>34000x<br>95.8<br>100<br>=110028 | 73205 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 4.2%<br>ഇ.ടെൻഡർ - 4.9.15 | | | | | | |
| 3 | ചീരോത്ത് റോഡ് ടാറിംഗ്<br>എസ്റ്റിമേറ്റ് 4 ലക്ഷം രൂപ<br>കരാറുകാരൻ:<br>കെ. എം. രാധാകൃഷ്ണൻ<br>എം.ബുക്ക് -<br>73/13-14 ചെക്ക് 1682933/തീയതി 26.3.16<br>തുക: 370537<br>എഗ്രിമെന്റ്:<br>21/15-16<br>തീ: 30.09.2015<br>കോസ്റ്റ് ഇൻഡക്സ് 1.3142 | 8<br>9<br>10<br>14 | ടാക്ക്കോട്ട് 459.44ച.മീ.<br>2സെ.മീ. പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 459.44ച.മീ<br>സീൽകോട്ട് 459.44 ച.മീ. | 344.58<br>661.59<br>450.25<br>1456.42 | 1.456x<br>41000x<br>1.3142<br>=78452 | 1.456x<br>31280<br>=45544 | 32908 |
| 4 | പാലക്കണ്ടി റോഡ് ടാറിംഗ്<br>കോസ്റ്റ് ഇൻഡക്സ് 1.3142<br>എസ്റ്റിമേറ്റ് -3.5 | 8<br>9<br>10 | ടാക്ക്കോട്ട് 426.9ച.മീ.<br>2സെ.മീ. പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 459.44ച.മീ | 320.18<br>614.74<br>418.36<br>1353.28 | 1.353x<br>41000x<br>1.3142<br>=72903 | 1.353x<br>31280<br>=42322 | 30581 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ലക്ഷം<br>എം.ബുക്ക് -<br>57/15-16<br>കൺവീനർ<br>ജയരാജൻ.പി.എം<br>ബിൽ നം<br>54/31.3.16<br>തുകഃ 3.5 ലക്ഷം<br>എഗ്രിമെന്റ്ഃ<br>12/15-16<br>തീഃ 16.09.2015 | | സീൽകോട്ട് 459.44 ച.മീ. | | | | |
| 5 | കോമശ്ശേരിക്കുന്ന് ടാറിംഗ്<br>കോസ്റ്റ് ഇൻഡക്സ് 1.381<br>എസ്റ്റിമേറ്റ് -5 ലക്ഷം<br>എം.ബുക്ക് -<br>49/15-16<br>കരാറുകാരൻ<br>അശ്റഫ്.വി<br>ഇ-ടെൻഡർ 8.9.15 2.7% കറവ്<br>ബിൽ നം<br>25/15.3.16<br>തുകഃ 486337 | 8<br>9<br>10<br>11<br>12 | 36എംഎംഉപയോഗിച്ച് ലെവലിംഗ് കോഴ്സ് 24.58 എം3<br>ടാക്ക്കോട്ട് 327.9ച.മീ.<br>ടാക്ക്കോട്ട് 300.85ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 628.75ച.മീ<br>സീൽകോട്ട് 628.75 ച.മീ. | 49.16<br>163.95<br>225.64<br>905.4<br>1353.28<br>616.175<br>1960.33 | 1.96x<br>41000x<br>97.3<br>100 x<br>1.381<br>=107981 | 1.96x<br>34000<br>=66640 | 41341 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | കരിങ്ങാളി ക്ഷേത്രം-മാക്കൂട്ടം റോഡ്<br>കൺവീനർ - സുഗേഷ് ടി.എം<br>എം.ബുക്ക് -<br>17/15-16<br>കോസ്റ്റ് ഇൻഡക്സ് 1.3142<br>എസ്റ്റിമേറ്റ് -4 ലക്ഷം<br>ബിൽ നം<br>26/15.3.16<br>തുകഃ 398679<br>എഗ്രിമെന്റ്ഃ<br>19/15-16 തീയതി; 26.9.15 | 8<br>9<br>10 | ടാക്ക്കോട്ട് 482.94ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 482.94ച.മീ<br>സീൽകോട്ട് 482.94ച.മീ. | 362.20<br>695.43<br>473.28<br>1530.91 | 1.53x<br>41000x<br>1.3142<br>=82440 | 1.53x<br>31280<br>=47858 | 34582 |
| 7 | പുതുക്കാട്ട് കടവ് റോഡ് റീ ടാറിംഗ്<br>എം.ബുക്ക് -<br>29/15-16<br>കരാറുകാരൻഃ ശശീന്ദ്രൻ.ടി<br>എസ്റ്റിമേറ്റ് -5 ലക്ഷം<br>ബിൽ നം<br>27/15.3.16<br>തുകഃ 474000<br>ഇ-ടെൻഡർ-8.9.15 5.2% കുറവ്<br>കോസ്റ്റ് ഇൻഡക്സ്ഃ 1.381 | 10<br>11<br>12<br>13 | ടാക്ക്കോട്ട് 62.54ച.മീ.<br>ടാക്ക്കോട്ട് 509.34ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 571.88ച.മീ<br>സീൽകോട്ട് 571.88ച.മീ. | 31.27<br>382.00<br>823.50<br>560.44<br>1797.21 | 1.797x<br>41000x<br>1.381x<br>94.8<br>100<br>= 96457 | 1.797x<br>34000x<br>94.8<br>100<br>=57921 | 38536 |
| 8 | പേര്യയിൽത്താഴം റോഡ് ടാറിംഗ്<br>എം.ബുക്ക് - | 8<br>9 | ടാക്ക്കോട്ട് 534.34ച.മീ. | 400.76<br>769.45 | 1.694x<br>41000x | 1.694x<br>33660x | 36912 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 62/13-14<br>കരാറുകാരൻ: അനിൽകുമാർ ബാബു ടി.കെ<br>എസ്റ്റിമേറ്റ്- 4.8ലക്ഷം രൂപ<br>ടെൻഡർ-<br>5.1% കുറവ്<br>തീ: 21.8.15<br>ബിൽ നം<br>29/23.3.16<br>തുക: 455520<br>കോസ്റ്റ് ഇൻഡക്സ്: 1.381 | 10 | പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 534.34ച.മീ<br>സീൽകോട്ട് 534.34ച.മീ. | 523.65<br>1693.86 | 1.381x<br>94.9<br>100<br>= 91024 | 94.9<br>100<br>=54112 | |
| 9 | തിരുവോത്ത് ക്ഷേത്രം റോഡ്<br>എം.ബുക്ക് -<br>47/15-16<br>കരാറുകാരൻ: പി.പെരവക്കുട്ടി<br>എസ്റ്റിമേറ്റ്- 301252 രൂപ<br>ടെൻഡർ-<br>.1% കുറവ്<br>തീ: 21.8.15<br>ബിൽ നം<br>22/23.2.16<br>തുക: 298055<br>കോസ്റ്റ് ഇൻഡക്സ്: 1.381 | 8<br>9<br>10 | ടാക്ക്കോട്ട് 322.76ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 322.76ച.മീ<br>സീൽകോട്ട് 322.75ച.മീ. | 242.07<br>464.77<br>316.30<br>1023.14 | 1.023x<br>41000x<br>1.381x<br>99.9<br>100<br>= 57865 | 1.023x<br>33660x<br>99.9<br>100<br>=<br>34400 | 23465 |
| 10 | മതിലകം ക്ഷേത്രം ചെറുകണ്ടി മീത്തൽ റോഡ് ടാറിംഗ് | 7<br>8 | ടാക്ക്കോട്ട് 908.4ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് | 681.35<br>1308.18 | 2.88x<br>41000x | 2.88x<br>33660x | 64871 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എം.ബുക്ക് -<br>37/15-16<br>കരാറുകാരൻ: സുനി.എം<br>എസ്റ്റിമേറ്റ്- 4 ലക്ഷം രൂപ<br>ടെൻഡർ കുറവ്-<br>1.9% തീ: 20.8.15<br>ബിൽ നം -<br>17/ 23.2.16<br>തുക: 4 ലക്ഷം രൂപ<br>കോസ്റ്റ് ഇൻഡക്സ്: 1.381 | 9 | കാർപ്പറ്റ് 908.46ച.മീ<br>സീൽകോട്ട്<br>908.46ച.മീ. | 890.29<br>2879.82 | 1.381x<br>98.1<br>100<br>=<br>159970 | 98.1<br>100<br>=<br>95099 | |
| 11 | നെരോത്ത് റോഡ് ടാറിംഗ്<br>കരാറുകാരൻ:<br>എം.രാമചന്ദ്രൻ<br>എം.ബുക്ക് -<br>38/15-16<br>എസ്റ്റിമേറ്റ്- 5 ലക്ഷം<br>ടെൻഡർ കുറവ്-<br>1.8% തീ: 20.8.15<br>ബിൽ നം -<br>18/ 23.2.16<br>തുക: 4 .91ലക്ഷം<br>കോസ്റ്റ് ഇൻഡക്സ്: 1.381 | 9<br>10<br>11 | ടാക്ക്കോട്ട്<br>505.96ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ്<br>കാർപ്പറ്റ് 505.96ച.മീ<br>സീൽകോട്ട്<br>505.96ച.മീ. | 379.47<br>728.58<br>495.84<br>1603.89 | 1.604x<br>41000x<br>1.381x<br>98.2<br>100<br>=<br>189185 | 1.604x<br>33660x<br>98.2<br>100<br>=<br>53019 | 36166 |
| 12 | അരിയോളിമുക്ക്-പൂഴിയിൽ റോഡ്<br>കരാറുകാരൻ:<br>പി.എം.ഗുരുദാസ് | 9<br>10<br>11 | ടാക്ക്കോട്ട്<br>304.64ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ്<br>കാർപ്പറ്റ് 304.64ച.മീ | 228.48<br>438.68<br>298.55 | 0.966x<br>41000x<br>1.381x | 0.966x<br>33660x<br>99.8 | 22135 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എം.ബുക്ക് -<br>36/15-16<br>എസ്റ്റിമേറ്റ്- 4 ലക്ഷം<br>ടെൻഡർ - .2%കുറവ്<br>1.8% തീഃ 22.8.15<br>ബിൽ നം -<br>21/ 23.2.16<br>തുകഃ 399125<br>കോസ്റ്റ് ഇൻഡക്സ്ഃ 1.381 | | സീൽകോട്ട്<br>304.64ച.മീ. | 965.70 | 99.8<br>100<br>= 54586 | 100<br>=<br>32451 | |
| 13 | മൈത്രി റോഡ് ടാറിംഗ്<br>കരാറുകാരൻഃ<br>ഷമേജ്.ടി<br>എം.ബുക്ക് -<br>33/15-16<br>എസ്റ്റിമേറ്റ്- 4 ലക്ഷം<br>ടെൻഡർ - .5.3%കുറവ്<br>തീഃ 21.8.15<br>ചെക്ക് നം -<br>1682912/12.2.16<br>തുകഃ 378394<br>കോസ്റ്റ് ഇൻഡക്സ്ഃ 1.381 | 9<br>10<br>11 | ടാക്ക്കോട്ട്<br>403.11ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 403.11ച.മീ<br>സീൽകോട്ട്<br>403.11ച.മീ. | 302.33<br>580.48<br>395.05<br>1277.86 | 1.278x<br>41000x<br>1.381x<br>94.7<br>100<br>= 68526 | 1.278x<br>33660x<br>94.7<br>100<br>=40738 | 27788 |
| 14 | എടക്കര മിനിസ്റ്റേഡിയം- എലിയോട്ട്മ്മൽ റോഡ്<br>കരാറുകാരൻഃ<br>ഷമേജ്.ടി | 9<br>10<br>11 | ടാക്ക്കോട്ട്<br>403.11ച.മീ.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 403.11ച.മീ | 302.33<br>580.48<br>395.05 | 1.278x<br>41000x<br>1.381x | 1.278x<br>33660x<br>94.7 | 27788 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എം.ബുക്ക് - 33/15-16 എസ്റ്റിമേറ്റ്- 4 ലക്ഷം ടെൻഡർ - .5.3%കുറവ് തീ: 21.8.15 ചെക്ക് നം - 1682912/12.2.16 തുക: 378394 കോസ്റ്റ് ഇൻഡക്സ്: 1.381 | | സീൽകോട്ട് 403.11ച.മീ. | 1277.86 | 94.7 / 100 = 68526 | 100 =40738 | |
| | | | ആകെ | | | | 548316 |

ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം വന്ന തുക 576719 രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

II)ക്രമ നമ്പർ ഒന്ന് പ്രവൃത്തിയായ ചാത്തോത്ത് താഴം എലിയോട്ട്മ്മൽ റോഡ് പ്രവൃത്തി ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തിയാണ്. കൺവീനർ ആയ ബിന്ദു.സിയ്ക്ക് പ്രവൃത്തിയ്ക്ക് ആവശ്യമായ ടാർ വാങ്ങി നൽകിയത് കരാറുകാരനായ സുരേഷ് കുമാർ ടി.വി.ആണ്. ടിയാന്റെ ടിൻ നമ്പർ 32554911115 ആണ്. കൺവീനർക്ക് സിഡ്കോവിൽ നിന്ന് ടാർ വാങ്ങാമെന്നിരിക്കെ കരാറുകാരൻ ടാർ വാങ്ങി നൽകിയത് ശരിയല്ല. കൂടാതെ കരാറുകാരന് ടാർ വില്പന നടത്താൻ പാടില്ലാത്തതാണ്. ഇത്തരത്തിൽ ടാർ വില്പന നടത്തിയത് വില്പനനികുതി വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.

## 3-2 ജി.എൽ.പി.സ്കൂൾ - ടോയ് ലറ്റ് നിർമ്മാണം - ചെങ്കല്ല് ഉപയോഗിച്ച് ചുമർ കെട്ടുന്നതിന് അധിക നിരക്ക് നൽകി

പ്രോജക്ട് നമ്പർ - 102/15 -16

എസ്റ്റിമേറ്റ് - 2.5 ലക്ഷം രൂപ

കൺവീനർ - സൈനുൽ അബ്ദീൻ

ബിൽ നമ്പർ -1/15-16 തീയതി: 31.07.2015 തുക - 249961 രൂപ

അന്നശ്ശേരി ജി.എൽ.പി.സ്കൂളിൽ ഒരു ടോയ് ലറ്റ് നിർമ്മിക്കുന്നതിന് 2.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ 8-ാമത്തെ ഇനം 35x20 x20 ചെങ്കല്ല് ഉപയോഗിച്ച് ചുമർ നിർമ്മാണമാണ്. ഒരു ഘനമീറ്റർ പ്രവൃത്തി ചെയ്യാൻ 4173 രൂപ നിരക്കിൽ 8.11 ഘനമീറ്റർ പ്രവൃത്തി ചെയ്തതിന് 33843.03 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. (എം.ബുക്ക് പേജ് 36 കാണുക) എന്നാൽ 2012 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഒരു ഘനമീറ്ററിന് 3630 രൂപയ്ക്കാണ് അർഹത. എസ്റ്റിമേറ്റിനോടൊപ്പമുള്ള ഡാറ്റ ഷീറ്റിൽ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

35x20 x20 ചെങ്കല്ല് ഉപയോഗിച്ച് ചുമർനിർമ്മാണം, 1:6 സിമന്റ് മിശ്രിതത്തിൽ (1 സിമന്റ്: 6 എം സാന്റ്)

| മെറ്റീരിയൽ | | |
|---|---|---|
| 63 എണ്ണം ചെങ്കല്ല് | 2153/100 എണ്ണത്തിന് | 1356.39 |

| | | |
|---|---|---|
| 0.16 എം$^3$ എം.സാന്റ് | 2314/ഒരു ഘനമീറ്ററിന് | 370.24 |
| 38 കി.ഗ്രാം സിമന്റ് | 5940/ഒരു ടണ്ണിന് | 225.72 |
| കടത്ത് | | |
| 0.89 എം$^3$ ചെങ്കല്ല് | 470/ഒരു ഘനമീറ്റർ | 418.30 |
| 0.16 എം$^3$ എം.സാന്റ് | 694/ഒരു ഘനമീറ്ററിന് | 111.04 |
| 38 കി.ഗ്രാം സിമന്റ് | 323/ഒരു ടണ്ണിന് | 12.27 |
| ലേബർ കൂലി | | |
| 1.5 ലേറ്ററൈറ്റ് ബ്രിക് മേസൺ | 471/ഒരാൾക്ക് | 706.50 |
| 0.35 പുരുഷൻ | 377/ ഒരാൾക്ക് | 131.95 |
| 0.5 സ്ത്രീ | 377/ ഒരാൾക്ക് | 188.05 |
| | | 3520.91 |
| അധികം ഗ്രൗണ്ട് ഫ്ലോറിൽ 5 മീറ്റർ ഉയരം വരെ | | 102.07 |
| 10% ലേബർ | | 6.25 |
| | | 3629.86 |
| ഒരു ഘനമീറ്ററിന് 3630 | | |

ഡാറ്റാ എസ്റ്റിമേറ്റിനോടൊപ്പം ഉണ്ടായിട്ടും ഒരു ഘനമീറ്ററിന് 4173 രൂപ നിരക്കിൽ ആണ് കൺവീനർക്ക് അനുവദിച്ചത്. അതിനാൽ അധികം അനുവദിച്ച 4404 രൂപ [ 8.11x(4173-3630)=4403.73 = 4404] ഉത്തരവാദിയായവരിൽ നിന്ന് തിരികെ തിരിച്ചീടാക്കേണ്ടതാണ്.

## 3-3 കോൺക്രീറ്റിന്റെ ഫോം വർക്കിംഗ് അധിക നിരക്ക് നൽകി

താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികൾക്ക് 1:3:6 സിമന്റ് കോൺക്രീറ്റിന്റെ ഭാഗമായി ചെയ്ത ഫോം വർക്കിന് ഡി.എസ്.ആർ നിരക്കിനേക്കാൾ കൂടുതൽ നിരക്ക് നൽകിയതായി കാണുന്നു. പ്രവൃത്തികളിൽ ഒന്ന് ഡ്രെയിനേജിന്റെ വശങ്ങൾ കോൺക്രീറ്റ് ചെയ്യലും,മറ്റൊന്ന് കല്ല് കൊണ്ട് കെട്ടിയതിന് മുകളിൽ സിമന്റ് കോൺക്രീറ്റുമാണ്. ഇനത്തിന് വേണ്ടി ചെയ്ത ഫോം വർക്കിന് ഡി.എസ്.ആർ കോഡ് യഥാക്രമം 4.3.1, 5.9.1 എന്നിവയാണ് കാണിച്ചത്. ഇതിന് കൺവീനർ പ്രവൃത്തിയാണെങ്കിൽ ഒരു ചതുരശ്രമീറ്ററിന് 184.5 രൂപയും, കരാറുകാരന് 196.45 രൂപയുമാണ് അനുവദിക്കേണ്ടത്. (മേൽ കോഡുകൾ കാണുക)ഇതിന്റെ കൂടെ കോസ്റ്റ് ഇൻഡക്സ് കൂടി ചേർത്താൽ കൺവീനർക്ക് ഒരു ചതുരശ്രമീറ്ററിന് 254.8(184.5x1.381=254.79) രൂപയും കരാറുകാരന് 271.3(196.45x1.381=271.3) രൂപയും ഈ ഗ്രാമപഞ്ചായത്തിൽ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ കൊടുത്ത പ്രകാരം അധിക നിരക്ക് നൽകി കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ കരാറുകാരന്റെ/കൺവീനറുടെ പേര്/ എം.ബുക്ക്/ എസ്റ്റിമേറ്റ് /ബിൽ നമ്പർ | ഇനം ചെയ്ത പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | വാളാർ കുനി ഡ്രെയിൻ കം ഫുട്പാത്ത് നിർമ്മാണം -<br>കരാറുകാരൻ- അഷ്റഫ്.വി<br>എം.ബുക്ക് 93/ 14-15<br>എസ്റ്റിമേറ്റ് - 15.5 ലക്ഷം | 4-186.75 എം$^2$ | 186.75x 438.7x967<br>100<br>=82835.38 | 186.75x 271.3x 96.7<br>100<br>=48993.32 | 33842 |

| | | | | | |
|---|---|---|---|---|---|
| | ചെക്ക് നമ്പർ -1682936/ 30.3.16<br>തുക - 50000/-<br>ടെൻഡർ - 3.3% കുറവ് | | | | |
| 2 | നൊക്കാട്ട്താഴം-കോരാമ്പ്രതാഴം റോഡ്<br>കൺവീനർ-കെ.സുന്ദർരാജ്<br>എം.ബുക്ക് 11/ 15-16<br>എസ്റ്റിമേറ്റ് - 3 ലക്ഷം രൂപ<br>ബിൽ നമ്പർ -52/ 31.3.16<br>തുക - 278425 | 4.21 എം$^2$ | 21x379.61 =7971.81 | 21x254.8 =5350.8 | 2621 |

അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ക്രമനമ്പർ 1 ആയി കാണിച്ച വാളാർകഴി ഡ്രെയിൻ കം ഫുട്പാത്ത് നിർമ്മാണം ജില്ലാപഞ്ചായത്ത് 15 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് 50000/- രൂപയും വകയിരുത്തിയ തുകയാണ്. പ്രവൃത്തി അളന്ന് ജില്ലാപഞ്ചായത്തിൽ തുക കരാറുകാരന് അനുവദിക്കാൻ ഫയൽ എം ബുക്ക് സഹിതം ജില്ലാ പഞ്ചായത്തിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. അപാകത ശ്രദ്ധയിൽപ്പെട്ടുത്തി ഫൈനൽബിൽ ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിന് മുൻപായി അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 പറപ്പാറ കോളനി കിണർ റിപ്പയർ - പദ്ധതി പൂർത്തിയായില്ല

പ്രോജക്ട് നമ്പർ - എസ്.ഒ.099/15 അടങ്കൽ - 350000രൂപ

ബിൽ നമ്പർ -2/12.08.2015 തുക - 47700 രൂപ 9/30.9.15 103736 രൂപ

കൺവീനർ - പി.എം.ഭരതൻ ടി.എസ്.ബി.ബി.പി- 519/14-15 തീയതിഃ 19.3.15

കിണറിൽ ജലദൗർലഭ്യം കാരണം ഒരു ഉൾക്കിണർ നിർമ്മിക്കുക, കൂടാതെ നിലവിലെ മോട്ടോറും പമ്പ്സെറ്റും പ്രവർത്തനക്ഷമമല്ലാത്തതിനാൽ മാറ്റി സ്ഥാപിക്കുക , കിണർ നെറ്റിടുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ഈ പദ്ധതിക്ക് വകയിരുത്തിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

കിണർ നിർമ്മാണം - 216659.00

മോട്ടോർ പമ്പ്സെറ്റ് , മറ്റ് ചെലവുകൾ - 101120.00

ടാക്സ് - 32221.00

350000.00

പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ ഗുണഭോക്തൃ സമിതിയെ തെരഞ്ഞെടുക്കുകയും, കൺവീനർ 30.03.15 ന് പഞ്ചായത്തുമായി കരാറിലേർപ്പെടുകയും ചെയ്തു. (നമ്പർഃ 34/14-15) ഗുണഭോക്തൃ കമ്മിറ്റി കൺവീനറുടെ തീയതിയില്ലാത്ത ഒരു കത്തിൽ കിണറിന്റെ ആഴംകൂട്ടൽ പണി മഴപെയ്ത് വെള്ളം കയറിയതിനാൽ നടത്താൻ സാധിച്ചില്ല എന്നും, കിണറിലേയ്ക്ക് മഴക്കാലത്ത് ചെളിവെള്ളം ഇറങ്ങാതിരിക്കാൻ കിണറിന് ചുറ്റും, മണ്ണ് നിറയ്ക്കൽ പണി ചെയ്യാൻ എസ്റ്റിമേറ്റ് മാറ്റം വരുത്താൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് മാറ്റം വരുത്തി (ഗ്രാമപഞ്ചായത്തിന്റെ 14.05.2015 ലെ 96/15 നമ്പർ തീരുമാനം കാണുക) തുടർന്ന് കൺവീനർക്ക്/റെയ്ഡ്കോയ്ക്ക് താഴെ കൊടുത്ത രീതിയിൽ തുക അനുവദിച്ചു.

കൺവീനർക്ക് - 40500

ടാക്സ് - 2700

റിട്ടൻഷൻ - 4500

47700

= = =

റെയ്ഡ്കോ - 100644

കൺവീനർ - 2899

ടാക്സ് - 193

103736

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത ഇന പ്രവൃത്തിയ്ക്ക് , കൺവീനർ /ചെയർമാൻ ഇടർന്ന അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ഇതിൽ കിണർ ആഴം കൂട്ടുന്നതിന് ഉദ്ദേശിച്ച സമയത്ത് പരിചയസമ്പന്നരായ തൊഴിലാളികളെ കിട്ടാതെ വരികയും, നിർമ്മാണ സാമഗ്രികൾ ലഭിക്കാത്തതിനാലും, കിണർ താഴ് ത്തൽ പ്രവൃത്തി ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കാൻ അപേക്ഷിച്ചിട്ടുണ്ട്. കിണറിന്റെ ജലദൗർലഭ്യം മൂലമാണ് ആഴം കൂട്ടുന്നത്. എന്നാൽ ആയത് ചെയ്യാതെ മറ്റ് പ്രവൃത്തികൾ ചെയ്യാനാണ് കമ്മിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. കുടിവെള്ള പദ്ധതിക്ക് ജലലഭ്യത എത്രയും പെട്ടെന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ പണികൾ ചെയ്യേണ്ടതാണ്.

2) കുടിവെള്ള പദ്ധതികളുടെ പൈപ്പ് ഇടൽ, പമ്പ് മാറ്റി സ്ഥാപിക്കൽ എന്നിവ റെയ്ഡ്കോ 23.06.15 ന് സമർപ്പിച്ച 177075 രൂപയുടെ ക്രെഡിറ്റ് ബില്ലിന്റെ അടിസ്ഥാനത്തിൽ അവരെ ഏൽപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ പ്രവൃത്തി റെയ്ഡ്കോവിനെ ഏൽപ്പിക്കുന്നത് സർക്കാർ ഉത്തരവ് നിലവിലില്ലാത്തതിനാൽ ഇതിന് വിശദീകരണം നൽകേണ്ടതാണ്.

3) നിലവിലുള്ള പമ്പ് ഉപയോഗയോഗ്യമല്ലാത്തതിനാൽ, പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കുകയായിരുന്നു. അതിന് റെയ്ഡ്കോ സമർപ്പിച്ച ക്രെഡിറ്റ് ബില്ലിൽ 7.5 എച്ച്.പി സബ്മേഴ്സിബിൾ പമ്പ് ആണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പമ്പ് ഉപയോഗിച്ച ആവശ്യമായ വെള്ളം വിതരണം ചെയ്യാൻ കഴിയുമോ എന്ന് എഞ്ചിനീയർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി പൂർത്തിയായാൽ പഴയ ഉപയോഗ പ്രദമല്ലാത്ത പമ്പ്/അനുബന്ധ സാധനങ്ങൾ ഗ്രാമപഞ്ചായത്തിൽ തിരിച്ചേൽപ്പിച്ച് ആയത് വിൽപ്പന നടത്തി, തുക പഞ്ചായത്തിൽ മുതൽക്കൂട്ടേണ്ടതാണ്.

4) മേൽ വിശദീകരിച്ച ബിൽ പ്രകാരം പാർട്ട്ബിൽ അനുവദിച്ചതല്ലാതെ പ്രവൃത്തി പൂർത്തിയായി ഒന്നര വർഷമായിട്ടും ഫൈനൽബിൽ തയ്യാറാക്കി കാണുന്നില്ല. ആയത് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ടാർ ഉപയോഗിച്ച് ചെയ്ത വിവിധ പ്രവൃത്തികൾ - ടാറിന് അധിക നിരക്ക് അനുവദിച്ചു

2012 ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികൾക്ക് ടാർ ഉപയോഗിച്ച് വിവിധ ഇനം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2012 ലെ ഷെഡ്യൂൾ നിരക്കിൽ ടാറിന് ഒരു ടണ്ണിന് 44058 രൂപ കണക്കാക്കിയാണ് ഇനങ്ങൾക്ക് നിരക്ക് കണക്കാക്കിയത്. എന്നാൽ ഐ.ഒ.സി.യുടെ പൊതുവിപണി നിരക്ക് ടണ്ണിന് 44058 രൂപയേക്കാൾ വളരെ കുറവാണ്. ജി.ഒ.(ആർ.ടി) 789/14 തസ്വഭവ തീയതി: 18.3.14 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ് പണിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുസരിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടാറിന്റെ വില പൊതുവിപണിയിൽ വർദ്ധിച്ചാൽ മാത്രമല്ല കുറഞ്ഞാലും മേൽ ഉത്തരവ് ബാധകമാണ്. അങ്ങനെയെങ്കിൽ ടെൻഡർ ക്ഷണിക്കുമ്പോൾ ഇക്കാര്യം പ്രതിപാദിക്കേണ്ടതാണ്. ഇതിന്റെ അഭാവത്തിൽ ടെൻഡർ അനുവദിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് താഴെ കാണിച്ച പ്രകാരം വൻതുക നഷ്ടം സംഭവിച്ചിട്ടുണ്ട്. (ഗുണഭോക്തൃ സമിതിയുടെ കാര്യത്തിൽ ടാർ വാങ്ങിയ ബില്ലിന്റെ കാര്യത്തിലും/കരാറിലേർപ്പെട്ട സമയവും, കരാറുകാരൻ ടെൻഡർ ഏർപ്പെട്ട മാസവും കണക്കിലെടുത്താണ് ടാർ പൊതുവിപണി വില ഇവിടെ കണക്കാക്കിയത്.)

| ഇനം | പ്രവൃത്തിയുടെ പേര്/ കരാറുകാരൻ/ഗുണ ഭോക്തൃ കമ്മിറ്റി യുടെ പേര്/എം ബുക്ക് / എസ്റ്റിമേറ്റ്/ പ്രവൃത്തി മൂല്യം/ബിൽ നമ്പർ/ തുക | ഇനം | ചെയ്ത പ്രവൃത്തി | ഉപയോഗിച്ച ടാർ | ആകെ | ടണ്ണിന് 44058 രൂപ പ്രകാരം അനുവദിച്ച തുക | അനുവദിക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 1 | മുക്കം കട്ട്-പിലാശ്ശേരിമുക്ക്-ചെങ്ങോട്ടുമ്മൽ റോഡ്<br>ടെൻഡർ12/14<br>കരാറുകാരൻ-അശ്റഫ്.വി<br>എം.ബുക്ക്<br>7/14-15<br>45/14-15<br>എസ്റ്റിമേറ്റ് -1455000<br>പ്രവൃത്തിമൂല്യം -1452884<br>ബിൽ നം-13/<br>18.1.16<br>തുക: 1247281<br>ചെക്ക് 1682904<br>28.12.15<br>തുക: 205603 | 10<br>11<br>12 | 36 എം.എം മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് കോഴ്സ്<br>64 എം3<br>20 എം.എം ചിപ്പിംഗ് കാർപ്പറ്റ് നിരക്കിലെ കോഴ്സ് 911.025 ച.മീ<br>" WBM ഉപരിതലം<br>1476.46 ച.മീ. | 129.4<br>2423.33<br>4296.50 | 6.85 ടൺ | 301797.3 | 6.85x<br>40560x<br>105<br>100<br>=291727.8 | 10070 |
| 2 | പെരുവാങ്കോട് റോഡ്<br>കൺവീനർ-രാജൻ.പി<br>ടാർ സിഡ്കോ ബിൽ -10148/13.4.15<br>എം.ബുക്ക് | 12<br>13<br>14 | 36 എം.എം മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് അൺഡുലേഷൻ<br>12എം3<br>20 എം.എം ചിപ്പിംഗ് കാർപ്പറ്റ് പഴയ | 240<br>319.2<br>1725.78 | 2.285 ടൺ | 100672.53 | 2.285x<br>33160x<br>105<br>100<br>=79559.13 | 21113 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 70/14-15<br>45/14-15<br>എസ്റ്റിമേറ്റ് -<br>558055<br>ബിൽ നം-8/<br>30.9.15<br>തുകഃ 558055 | | റോഡിൽ 120 ച.മീ<br>" പുതിയ ഉപരിതലം<br>593.05 ച.മീ. | | | | | |
| 3 | പുളിത്തടത്തിൽ റോഡ് ടാറിംഗ്<br>കരാറുകാരൻ- ടി.വി.സുരേഷ് കുമാർ<br>എം.ബുക്ക്<br>71/14-15<br>45/14-15<br>എസ്റ്റിമേറ്റ് -<br>4 ലക്ഷംരൂപ<br>ചെക്ക് നം.1682892/<br>19.9.15<br>തുകഃ 3 ലക്ഷം<br>ബിൽ നം-5/<br>30.9.15<br>തുകഃ 1 ലക്ഷംരൂപ<br>ടെൻഡർ- 19.3.15 | 8 | പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് 20എം.എം മെറ്റൽ 792.36 ച.മീ.<br>. | 2305.77 | 2.306 ടൺ | 101597.75 | 2.306x<br>34970x<br>105<br>100<br>=84672.86 | 16925 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | കറുക്കൻകുന്ന് റോഡ് ടാറിംഗ്<br>കൺവീനർ- കൃഷ്ണകുമാർ<br>കരാർ നം.<br>28/14-15<br>തീഃ 25.3.15<br>എസ്റ്റിമേറ്റ് -<br>3.75 ലക്ഷം<br>എം.ബുക്ക്<br>66/14-15<br>ചെക്ക് നം-<br>1682894/29.9.15<br>തുകഃ 3.75 ലക്ഷം | 8<br>9<br>10 | ലെവലിംഗ് കോഴ്സ് 36 എം.എം മെറ്റൽ ഉപയോഗിച്ച്<br>ടാറിംഗ് 8.05 എം3<br>20 എം.എം ചിപ്പിംഗ് കാർപ്പറ്റ് പഴയ റോഡ് ടാറിംഗ് 80.52 ച.മീ<br>" പുതിയ റോഡ് 472.5 ച.മീ. | 161<br>214.18<br>1374.98 | 1.750 ടൺ | 77101.5 | 1.75x<br>34920x<br>105<br>100<br>=64165.5 | 12936 |
| 5 | പുളിക്കൽ കടവ് റോഡ് റീടാറിംഗ്<br>കരാറുകാരൻ- ടി.വി.സുരേഷ് കുമാർ<br>എസ്റ്റിമേറ്റ് -<br>2.25 ലക്ഷം രൂ<br>ടെൻഡർ- നെഗോഷ്യേറ്റ് ചെയ്തു.<br>എഗ്രിമെന്റ്ഃ- 36/14-15 തീയതിഃ 30.3.15<br>എം.ബുക്ക്<br>61/14-15<br>ബിൽ നം-44/<br>29.3.16<br>തുകഃ 198343 | 2<br>3<br>5<br>7 | 36 എം.എം മെറ്റൽ ഉപയോഗിച്ച് പോട്ട്ഹോൾ ഫില്ലിംഗ്<br>2.22എം3<br>20 എം.എം<br>" ലെവലിംഗ് കോഴ്സ്<br>7.08 എം3<br>12എം.എം മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് കോഴ്സ്<br>2.74 എം3<br>20എം.എം മെറ്റൽ ഉപയോഗിച്ച് | 61.05<br>141.6<br>131.52<br>1555.30 | 1.889 ടൺ | 83225.56 | 1.889x<br>34970x<br>105<br>100<br>=69361.25 | 13864 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ചിപ്പിംഗ് കാർപ്പറ്റ് പഴയ റോഡ് 584.7 ച.മീ. | | | | | |
| 6 | മുക്കം കടവ് റോഡ്<br>എസ്റ്റിമേറ്റ്-4.93 ലക്ഷംരൂപ<br>കരാറുകാരൻ- അശ്റഫ്.വി<br>എം.ബുക്ക് -34/14-15<br>ബിൽ നം.16/23.2.16 തുക-492907<br>ടെൻഡർ -2.5.15 | 10<br>11<br>12 | 36 എം.എം മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് 3 എം3<br>ചിപ്പിംഗ് കാർപ്പറ്റ് പഴയ റോഡ്<br>192.75 ച.മീ<br>"WBM ഉപരിതലം<br>462.68 ച.മീ. | 60.00<br>512.72<br>1346.4 | 1.919 | 84547.30 | 1.919x<br>34430x<br>105<br>100<br>=69374.72 | 15173 |
| 7 | കാഞ്ഞോളിത്താഴം റോഡ്<br>എസ്റ്റിമേറ്റ്-<br>2.6 ലക്ഷം<br>കരാറുകാരൻ-<br>അശ്റഫ്.വി<br>എം.ബുക്ക് -27/14-15<br>ബിൽ നം. 15/23.2.16 | 8 | പ്രീ.മിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>354.3ച.മീ.<br>ചിപ്പിംഗ് കാർപ്പറ്റ് പഴയ റോഡ്<br>192.75 ച.മീ<br>"WBM ഉപരിതലം | 1031.01<br>512.72<br>1346.4 | 1.031 | 45423.8 | 1.031x<br>34430x<br>105<br>100<br>=37272.20 | 8152 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തുക-2.6 ലക്ഷം<br>ടെൻഡർ -2.5.15 | | 462.68 ച.മീ. | | | | | |
| | | | | | | | | 98233 |

ടെൻഡർ സമയത്ത് പ്രവൃത്തി ഏൽപ്പിക്കുന്ന സമയത്ത് (ബെനിഫിഷ്യറി കമ്മിറ്റി) മാർക്കറ്റ് വില മാത്രമേ ടാറിന് അനുവദിക്കുവെന്ന് വ്യക്തമാക്കാത്തതിനാലാണ് മേൽ കാണിച്ച പ്രകാരം 98233/- രൂപ നഷ്ടം സംഭവിച്ചത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

II) മേൽ കാണിച്ചവയിൽ ക്രമ നമ്പർ 2,4 എന്നിവ ഗുണഭോക്തൃ കമ്മിറ്റിയ്ക്ക് ഏൽപ്പിച്ച പ്രവൃത്തിയാണ്. ഇതിൽ കുറുക്കൻകുന്ന് റോഡ് ടാറിംഗ് പ്രവൃത്തിയ്ക്ക് കൺവീനർ എവിടെനിന്ന് ടാർവാങ്ങി എന്നതിന് യാതൊരു രേഖകളും ഫയലില്ല. പെരുവാന്തോട് റോഡ് പ്രവൃത്തിക്ക് കൺവീനർ(രാജൻ) സിഡ്കോവിൽ നിന്നാണ് ടാർ വാങ്ങിയത്. സിഡ്കോവിൽ നിന്നും ബിറ്റുമെൻ വാങ്ങി സംഭരിച്ച ജി.ഒ.(ആർ.ടി) 1320/2010 തസ്വഭവ തീയതിഃ 14.4.201 ലെ ഉത്തരവിലെ നിബന്ധന പ്രകാരം പൊതുമേഖലാ എണ്ണ കമ്പനികൾ നൽകുന്ന അതേ വിലയിലായിരിക്കണം ബിറ്റുമെൻ സിഡ്കോ നൽകേണ്ടതെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഇവിടെ കൺവീനർ 14 ബാരൽ ബിറ്റുമെൻ മാറുന്നത് ഒരു ബാരലിന് 6187.08 രൂപ നിരക്കിലാണ്. സിഡ്കോ ബാരലിന് 161.8 കി.ഗ്രാം (VG-10) ടാർ കണക്കിലെടുത്താൽ തന്നെ ടണ്ണിന് 38239 രൂപ നിരക്കിലാണ് ഇൻവോയ്സ് 10148/13.4.15 പ്രകാരം ടാറിന് വില ഈടാക്കിയത്. എന്നാൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ 13.4.15 ൽ VG-10 ടാറിന് (വാക്ക്ഡ് ബിറ്റുമെൻ) 32360 രൂപ മാത്രമാണ്. ടണ്ണിന് 32360 രൂപയുടെ VG-10 ബിറ്റുമെൻ, 38239 രൂപയ്ക്ക് വിൽക്കാനിടയായ സാഹചര്യം വ്യക്തമല്ല. ഉത്തരവിന് വിരുദ്ധമായി ബിറ്റുമെൻ വിറ്റത് ശരിയല്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ ചൂണ്ടിക്കാട്ടാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ശരിയല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-6 <u>തിരിച്ചടയ്ക്കാനുള്ളതിനേക്കാൾ കൂടുതൽ തുക അടവാക്കി</u>

G.O (M.S) 7/2014/ITD dt. 10.2.2014 പ്രകാരം ആധാർ എൻറോൾ ചെയ്ത ബി.പി.എൽ കുടുംബങ്ങൾക്ക് 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ഒരു കുടുംബത്തിന് 150 രൂപ നിരക്കിൽ ഇൻസന്റീവ് അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാകലക്ടറുടെ 30.3.2015 ലെ എൻ 1-25095/15 നടപടിക്രമത്തിന്റെ ഭാഗമായി തലകുളത്തൂർ ഗ്രാമപഞ്ചായത്തിന് 93300രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അനുവദിച്ച് ഉത്തരവായി. തുക അക്കൗണ്ട് നമ്പർ 5128 ൽ (സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്) വരവ് വെച്ചു.

ആധാർ എൻറോൾ ചെയ്ത 394 കുടുംബങ്ങൾക്ക് ഇൻസന്റീവ് വിതരണം ചെയ്യുന്നതിനായി 59100 രൂപ, ചെക്ക് നമ്പർ 015121 മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ ലിസ്റ്റ് സഹിതം ബാങ്കിന് നിർദ്ദേശം നല്കി. അക്കൗണ്ട് നമ്പർ/ ഐ.എഫ്.എസ്.സി വ്യക്തതയില്ലായ്മ കാരണം ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാത്ത 6000/- രൂപ (40 കുടുംബങ്ങളുടെ ഇൻസന്റീവ് ) അക്കൗണ്ടിൽ തിരികെ വരവ് വച്ചു.

ആകെ വിനിയോഗിച്ച തുക 59100-6000 = 53100

വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക = 93300-53100

= 40200 രൂപ

എന്നാൽ കലക്ടർ, ഡി.ഡി.പി. കോഴിക്കോട്, എന്നിവർക്ക് സമർപ്പിച്ച വിനിയോഗസാക്ഷ്യപത്രത്തിൽ 50100 രൂപ വിനിയോഗിച്ചുവെന്നാണ് രേഖപ്പെടുത്തിയത്. ഡി.ഡി.പി യുടെ ബി1/1140/13 തി. 29.9.2016 പ്രകാരം ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കാൻ നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബി3/7895/16 തി.6.10.2016 പ്രകാരം 43200 രൂപ (ഡി.ഡി നമ്പർ 242056) തിരിച്ചടച്ചിട്ടുണ്ട്.

തിരിച്ചടച്ച തുക = 43200

യഥാർഥത്തിൽ തിരിച്ചടയ്ക്കേണ്ട തുക = 40200

കൂടുതലായി അടച്ച തുക = 3000

3000 രൂപ കൂടുതലായി അടച്ചത് പ്രസ്തുത അക്കൗണ്ടിലെ പലിശ ഇനത്തിലെ വരവിൽ നിന്നാണ്. ഇത് ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 15/14-12-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ കൂടുതലായി അടച്ച തുക തിരികെ ലഭ്യമാക്കുന്നതിന് ബഹു.ജില്ലാകലക്ടർക്ക് അപേക്ഷ നൽകിയതായും ആയത് അടവ് വരുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിനു നഷ്ടം വന്ന 3000/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്ക് - ഷോർട്ട് അസസ്മെന്റ് - തുക ഒടുക്കിയതിലെ അപാകതകൾ

8/2014 മുതൽ 12/2015 വരെയുള്ള കാലയളവിലെ തെരുവ് വിളക്ക് - ഷോർട്ട് അസസ്മെന്റ് കെ.എസ്.ഇ.ബി അത്തോളിയിൽ ഒടുക്കുന്നതിനായി ബിൽ നമ്പർ 51-1/16 പ്രകാരം 82086 രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി, സബ് എഞ്ചിനീയറുടെ ബി.ബി/2015-16/തെരുവ് വിളക്ക്/15/6.1.2016ാം നമ്പർ കത്ത് ആധാരമാക്കിയാണ് തുക അടവാക്കിയത്.

കത്തിലെ വിശദാംശം താഴെ കൊടുക്കുന്നു.

അൺമീറ്റേർഡ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മാന്വലായി കണക്കുകൂട്ടി ഡിമാന്റ് ചെയ്തതിലെ കുറവ് പരിഹരിക്കുന്നതിനാണ് ബിൽ നമ്പർ 6615160111888/16-1-2016 പ്രകാരം കെ.എസ്.ഇ.ബി 82086 രൂപ ഡിമാന്റ് ചെയ്തിരിക്കുന്നത്.

24-11-2015 മുതൽ ഓഫീസ് " ഒരുമ നെറ്റ് " എന്ന സംവിധാനത്തിലേക്ക് മാറുകയും വൈദ്യുതചാർജ്ജ് ഡിമാന്റ് ചെയ്യുന്നത് പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതവുമായി. 1-12-2015 ലെ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് കമ്പ്യൂട്ടറിലൂടെ ഡിമാന്റ് ചെയ്തപ്പോൾ പിഴവുകൾ ശ്രദ്ധയിൽപ്പെടുകയും നാളിതുവരെ കുറവ് വന്നതുക 82086 രൂപ മാന്വൽ ഡിമാന്റ് ചെയ്യുകയാണ് ഉണ്ടായത്.

മാന്വൽ ഡിമാന്റ്

330 എണ്ണം , 2X 11 w (CFL) @ 7 = 2310

10എണ്ണം , 60 w (0 bulb) @ 94 = 940

46 എണ്ണം , 2X40W (FLT) @ 61 = 2806

ആകെ = 6056

കമ്പ്യൂട്ടറൈസ്ഡ് ഡിമാന്റ്

330 എണ്ണം , 1X 22w (CFL) @ 14 = 2310

10എണ്ണം 60 (0 bulb) @ 94 = 940

46 എണ്ണം , 1X80W (FLT) @ 124 =2806

ആകെ = 11264

ജനുവരി മുതൽ 11264 രൂപയാണ് തെരുവ് വിളക്ക് ഇനത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നത്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) കമ്പ്യൂട്ടറൈസ്ഡ് ഡിമാന്റ്, മാന്വൽ ഡിമാന്റ് ഇവ തമ്മിലുള്ള വ്യത്യാസം 5208 (11264-6056) രൂപ ആണ്. 8/2014 മുതൽ 12/2015 വരെയുള്ള തുകയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്.

17 മാസത്തിലായി ആകെ കുറവ് വന്ന തുക, 5208X17 = 88536 രൂപ ആയിരിക്കെ 82086 രൂപയാണ് ഡിമാന്റ് ചെയ്തതും അടവാക്കിയതും. ഡിമാന്റ് തുക കണക്കിലാക്കിയതിന്റെ ആധികാരികത ഫയലിൽ വ്യക്തമല്ല. ഡിമാന്റ് തുകയിലെ അപാകത പരിഹരിക്കാതെയാണ് തുക അടവാക്കിയത്.

2) 386 തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജാണ് മേൽ ബിൽ പ്രകാരം അടച്ചത്. 2015-16 വർഷത്തിൽ കെ.എസ്.ഇ.ബി, അത്തോളി സെക്ഷനുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധനനടത്തുകയുണ്ടായി. പരിശോധന റിപ്പോർട്ടിൽ 468 CFL, 10 ബൾബ്, 5 സിംഗിൾട്യൂബ്, 27 LED എന്നിങ്ങനെ ആകെ 510 തെരുവ് വിളക്കുകൾ

ആണുള്ളത്. 14 ( 11 CFL , 2 ബൾബ്, 1 LED ) തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നില്ലയെന്ന് ഓവർസിയർ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ 386 തെരുവ് വിളക്കുകളിൽ ഇവ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താതെയാണ് തുക അടവാക്കിയത്.

3) 2013-14 വർഷത്തിൽ പ്രൊജക്ട് നമ്പർ 161/2014 പ്രകാരം 137287രൂപ മീറ്റർ സ്ഥാപിക്കൽ, തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ, മീറ്റർ സ്ഥാപിക്കൽ എന്നിവയ്ക്കായി കെ.എസ്.ഇ.ബി അത്തോളി സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മീറ്റർ സ്ഥാപിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം, ഏതൊക്കെ വിളക്കുകളിലാണ് സ്ഥാപിച്ചതെന്ന് എന്നുള്ള ഫയലിൽ ലഭ്യമല്ല. ആയതിനാൽ കെ.എസ്.ഇ.ബി ഒരുമ സോഫ്റ്റ്‌വെയർ മുഖേന ഡിമാന്റ് കണക്കാക്കിയത് പഞ്ചായത്ത് പരിശോധിക്കാതെയാണ് തുക അടവാക്കിയത്.

മേൽ പറഞ്ഞ കാര്യങ്ങളിൽ വ്യക്തത വരുത്താതെ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 തുല്യതാ പഠനം:കോഴ്സ്ഫീ അടവാക്കിയതിന് രേഖകളില്ല

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ: 73 /2016

ഫണ്ട്: തനത് ഫണ്ട്

ചെക്ക് നം,തുക:1682918/19-03-2016, 50,000/-

തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി 10,+1തുല്യതാ പഠിതാക്കൾക്ക് കോഴ്സ്ഫീ,രജിസ്ട്രേഷൻ, പ്രിന്റിംഗ് എന്നിവയ്ക്കായി 50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 10,+1കോഴ്സ് ഫീ ആയി 37100/-രൂപയും രജിസ്ട്രേഷൻ ഫീ ആയി 2000/-രൂപയും പ്രിന്റിംഗിനായി 900/-രൂപയുമാണ് ചെലവഴിച്ചത്. കോഴ്സ്ഫീ, രജിസ്ട്രേഷൻ എന്നിവയ്ക്കായി തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ:

| പഠിതാവ് | പ്ലസ്2 | | പഠിതാവ് | പത്താംതരം |
|---|---|---|---|---|
| | കോഴ്സ് ഫീ | രജി.ഫീ | | കോഴ്സ് ഫീ |
| ജിഷ.സി | 1950 | ഇല്ല | ഹരിപ്രഭ.കെ | 1500 |
| വിനീഷ്.വി.പി | 1950 | ഇല്ല | രഘു.പി.കെ | 1500 |
| സുബിത.ഇ.എം | 1950 | ഇല്ല | മുഹമ്മദ്റഫീഖ്.ടി.പി | 1500 |
| സാജിത്.കെ.പി | 1950 | ഇല്ല | സുർജിത്.എൻ | 1500 |
| സാജിന | 1950 | ഇല്ല | രൂപിത.ടി.പി | 1500 |
| നിഷാജ്.സി | 1950 | ഇല്ല | സനൂപ്.പി.ടി | 1500 |
| ആഷിഫ്.പി.എം | 1950 | ഇല്ല | മുഹമ്മദ്സമീർ.എൻ.പി | 1500 |
| കൃപ.ടി.വി | 1950 | ഇല്ല | ഷക്കീൽഅഹമ്മദ്.ടി.പി | 1500 |
| മല്ലിക അമ്മ.പി.കെ | 1950 | ഇല്ല | | |
| ദിവ്യ.കെ | 1950 | ഇല്ല | | |
| ഷബീറലി.കെ.ടി | 1950 | ഇല്ല | | |
| ഷാഫി.കെ.ടി | 1950 | ഇല്ല | | |
| രഞ്ജിനി.കെ | 1950 | ഇല്ല | | |
| സിന്ധു.കെ | 1950 | ഇല്ല | | |
| മുഹമ്മദ് ഷാഫി.ടി.പി | 1950 | ഇല്ല | | |
| ഷൈജു.സി | 1950 | ഇല്ല | | |

| | | | | |
|---|---|---|---|---|
| ജിജേഷ്.കെ | 1950 | ഇല്ല | | |
| രജിത.ടി | 1950 | ഇല്ല | | |
| അംബിക.കെ.കെ | ഇല്ല | 200 | | |
| സുഷമ.കെ.കെ | ഇല്ല | 200 | | |
| ശാന്തി.ഇ.ടി | ഇല്ല | 200 | | |
| അനിത.എ.എം | ഇല്ല | 200 | | |
| ബിന്ദു.കെ.കെ | ഇല്ല | 200 | | |
| ഭരതൻ.പി.എം | ഇല്ല | 200 | | |
| ദിലീപ്.കെ.പി | ഇല്ല | 200 | | |
| ബൈജു.സി.വി | ഇല്ല | 200 | | |
| സിന്ധു.എ.കെ | ഇല്ല | 200 | | |
| പ്രസന്നകുമാരി.കെ.ജി | ഇല്ല | 200 | | |
| ആകെ | 35100 | 2000 | ആകെ | 12000 |
| മൊത്തം :49100/- | | | | |

ചെലാൻ മുഖേന എസ്.ബി.ടിയിലോ മറ്റ് ദേശസാൽകൃത ബാങ്കുകളിൽ ഡി.ഡി മുഖേനയോ ഡയറക്ടർ,കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി,തിരുവനന്തപുരം എന്ന പേരിലാണ് കോഴ്സ് ഫീ,രജി.ഫീ എന്നിവ അടവാക്കേണ്ടത്.എന്നാൽ ഇപ്രകാരത്തിൽ തുക അടവാക്കിയതിന്റെ യാതൊരു രേഖകളുമില്ലാതെ, ഹയർസെക്കന്ററി ഫീ 37100/-, പത്താം തരംതുല്യതാ പഠിതാക്കൾക്ക് കോഴ്സ്ഫീ 12000/-എന്നിങ്ങനെ കാണിച്ച ജില്ലാ സാക്ഷരത മിഷന്റെ രശീതിയാണ് വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത്.പണം അടവാക്കിയ ചെലാനോ ഡയറക്ടറുടെ പേരിലെടുത്ത ഡി.ഡിയോ ഇല്ലാതെ ജില്ലാ സാക്ഷരത മിഷന്റെ രശീതിയുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.49100/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 ആട്ടുഗ്രാമം പദ്ധതി:അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി

നിർവ്വഹണോദ്യോഗസ്ഥൻ: വെറ്റിനറി സർജൻ

ഫണ്ട്: വികസനഫണ്ട്

പ്രൊജക്ട് നമ്പർ:65/2016

ബിൽ,തുക:6/18-03-2016, 201600/-

മേൽ പ്രൊജക്ട് പ്രകാരം തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മൂന്ന് ആടുകളുടെ വിലയായ 19200/-രൂപയിൽ 9600/-രൂപ സബ്സിഡിയായി പഞ്ചായത്ത് നല്കിയിട്ടുണ്ട്. മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ഇങ്ങനെ സബ്സിഡിയായി 21ഗുണഭോക്താക്കൾക്ക് നല്കി.ഇതിൽ ഡി.ഡി നമ്പർ 483291/18-03-2016 പ്രകാരം ചന്ദ്രി കല്ലുംപറമ്പിൽ എന്ന സർക്കാർ ജീവനക്കാരിക്ക് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയ്യതി.16-11-2013 നമ്പർ പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് കുടുംബ വാർഷിക വരുമാനം 50,000/-രൂപയിൽ കവിയാത്തവർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ. സർക്കാർ ജീവനക്കാരിയായ മേൽ ഗുണഭോക്താവിന് സബ്സിഡിയായി 9600/-രൂപ നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താവ് പെൻഷണറും വിധവയും വികലാംഗയുമാണെന്ന് പറയുന്നു.എന്നാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് നൽകേണ്ട സബ്സിഡി ആനുകൂല്യം ഒരു സർവ്വീസ് പെൻഷണർക്ക് നൽകിയത് നീതീകരിക്കത്തക്കതല്ല.ഇങ്ങനെ നൽകിയ 9600/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 9600/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 സർവ്വ ശിക്ഷാ അഭിയാൻ വിഹിതം അടവാക്കിയത് : വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

ബിൽ : 8/27-01-2016

തുക : 582059

മേൽ ബിൽ പ്രകാരം പിൻവലിച്ച 582059/-രൂപ ഡി.ഡി നമ്പർ 897571/27-01-2016 ആയി സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബജറ്റ് വിവരങ്ങൾ എസ്.എസ്.എ പ്രോഗ്രാം ഓഫീസർ തയ്യാറാക്കിയത് ലഭ്യമാക്കാതെയാണ് പഞ്ചായത്ത് എസ്.എസ്.എ വിഹിതം നൽകിയത്. പഞ്ചായത്ത് നൽകിയ തുക വിവിധ പദ്ധതികൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-11 ഐ.എ.വൈ വിഹിതം അടവാക്കിയത് :ഔദ്യോഗിക രശീതിയും വിശദമായ വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല

എ) നിർവ്വഹണോദ്യോഗസ്ഥൻ: വി.ഇ.ഒ

ബിൽ,തുക: 2/13-08-2015 500,000/-

6/31-03-2016 40,000/-

മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച 8,00,000/-രൂപ ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഇതിൽ ആദ്യ ബിൽ പ്രകാരം പിൻവലിച്ച തുക ഡി.ഡി.നം.930474/18-08-2015ആയും രണ്ടാം ബിൽ പ്രകാരം പിൻവലിച്ച തുക ഡി.ഡി.നം.486164/28-04-2016ആയും നൽകിയതിന് ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഔദ്യോഗിക രശീതി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട ഐ.എ വൈ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുന്നതിന് ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണവും നൽകാനുള്ള ഗഡുക്കളുടെ വിശദാംശവും അടങ്ങുന്ന ബജറ്റ് വിവരങ്ങൾ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് ഐ.എ.വൈ വിഹിതം നൽകിയത്.പഞ്ചായത്ത് നൽകിയ തുക വിവിധ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ല.

ബി) നിവ്വഹണോദ്യോഗസ്ഥൻ: അസി.സെക്രട്ടറി

ബിൽ,തുക:1/18-01-2016 400,000/-

മേൽ ബിൽ പ്രകാരം പിൻവലിച്ച 400,000/-രൂപ ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഇങ്ങനെ പിൻവലിച്ച തുക റസീറ്റ് നം.11503500021/30-01-2016 ആയി ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട ഐ.എ വൈ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുന്നതിന് ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണവും നൽകാനുള്ള ഗഡുക്കളുടെ വിശദാംശവും അടങ്ങുന്ന ബജറ്റ് വിവരങ്ങൾ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് ഐ.എ.വൈ വിഹിതം നൽകിയത്.പഞ്ചായത്ത് നൽകിയ തുക വിവിധ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ബ്ളോക്ക് പഞ്ചായത്തിൻ നിന്ന് ലഭിച്ചിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-12 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം വിതരണം ചെയ്യാൻ വൈകി.

നിർവ്വഹണോദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ

ഫണ്ട്: വികസന ഫണ്ട്

പ്രൊജക്ട് നമ്പർ:138/2016

ബിൽ:6/31-03-2016,

തുക : 100,000/-

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം എന്ന പദ്ധതിയനുസരിച്ച് പഞ്ചായത്തിലെ ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കായി ഹിയറിംഗ് എയിഡ് വാങ്ങിയതിന് 100,000/-രൂപ വികലാംഗ ക്ഷേമ കോർപറേഷന് ഡി.ഡി നം.484934/04-04-2016ആയി നൽകിയിട്ടുണ്ട്.

സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയ്യതി.16-11-2013 ഖ. 5(3)അനുസരിച്ച് 40% എങ്കിലും വൈകല്യമുള്ളവർക്കേ ഉപകരണങ്ങൾ വിതരണം ചെയ്യാവൂ ഹേമലത, ഷൈജ, ജയരാജൻഎന്നി ഗുണഭോക്താക്കൾക്ക് മെഡിക്കൽ ബോർഡിൽ

നിന്നും ലഭിക്കുന്ന ശാരീരിക വൈകല്യത്തിന്റെ തോത് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് പോലുമില്ലാതെയാണ് ഉപകരണങ്ങൾ നല്കിയത്.

ഹിയറിംഗ് എയിഡ് വാങ്ങിയതിന് 100,000/-രൂപ വികലാംഗ ക്ഷേമ കോർപറേഷന് ഡി.ഡി നം.484934/04-04-2016ആയി നൽകിയിട്ടുണ്ടെങ്കിലും ഇവ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയത് ഹിയറിംഗ് എയിഡ് വാങ്ങി സൂക്ഷിച്ചതിന് 7മാസങ്ങൾക്ക് ശേഷം 21-11-2016ന് മാത്രമാണ്.ഈ ഉപകരണങ്ങളുടെ ഗ്യാരൻറി പിരീഡിലെ 7 മാസം ഇങ്ങനെ നഷ്ടപ്പെടുകയുണ്ടായി.

ഹിയറിംഗ് എയിഡ് വാങ്ങിയിട്ട് 7മാസത്തിൽ കൂടുതൽ ഇവ ഗുണഭോക്താക്കൾക്ക് കൊടുക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഈ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-13 അഞ്ചാം ക്ളാസിലെ വിദ്യാർത്ഥികൾക്ക് മേശയും കസേരയും: വ്യാപകമായ പ്രചരണം നൽകാതെ പരിമിതപ്പെടുത്തി.

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

ഫണ്ട്: എസ്.സി.പി

പ്രൊജക്ട് നമ്പർ:18/2016

ബിൽ,തുക:7/27-01-2016, 55993/-

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട അഞ്ചാം ക്ളാസിലെ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുക എന്ന പ്രൊജക്ടിന്റെ ഭാഗമായി സിഡ്കോയിൽ നിന്നും 14വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ട്.ഇതിന്റെ വിലയായി 55993/-രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ഡി.ഡി നമ്പർ 897572/27-01-2016 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ അഞ്ചാം ക്ളാസ് വിദ്യാർത്ഥികളായിരിക്കണമെന്ന നിബന്ധന വെച്ച് പ്രൊജക്ട് തയ്യാറാക്കുമ്പോൾ, പഞ്ചായത്തിലെ ഗവ.സ്കൂളുകൾ രണ്ടും എൽ.പി തലത്തിലുള്ളതാണെന്ന കാര്യം പരിഗണിക്കുകയുണ്ടായിട്ടില്ല.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വ്യക്തിഗത ആനുകൂല്യം നൽകുന്നതിനു വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ വ്യാപകമായ പ്രചരണം നൽകി ആവശ്യമുള്ള മുഴുവൻ ആളുകൾക്കും അപേക്ഷിക്കാനുള്ള അവസരം നല്കി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ അംഗീകരിച്ചാണ് ആനുകൂല്യം നൽകേണ്ടത്.എന്നാൽ ഇവിടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതെ പഞ്ചായത്തിലെ യു.പി സ്കൂളിൽ നിന്നും നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.ഇതു കാരണം പഞ്ചായത്തിനോട് തൊട്ട് പ്രവർത്തിക്കുന്ന അത്തോളി ഹൈസ്കൂൾ,വേളൂർ യു.പി.സ്കൂൾ എന്നിവിടങ്ങളിലും പഞ്ചായത്തിന് പുറത്തെ മറ്റു സ്കൂളുകളിലും അഞ്ചാം തരത്തിൽ പഠിക്കുന്ന പഞ്ചായത്തിലെ മറ്റു വിദ്യാർത്ഥികൾക്ക് ഈ പദ്ധതി ആനുകൂല്യം ലഭ്യമാവുകയുണ്ടായിട്ടില്ല.ഇക്കാരണത്താൽ തന്നെ 100,000/-രൂപ വകയിരുത്തിയ പ്രൊജക്ടിന് 56% മാത്രമേ ചെലവഴിക്കാനായുള്ളൂ.

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-14 സമ്പൂർണ്ണ ശുചിത്വ ഗ്രാമം:പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

പ്രൊജക്ട് നമ്പർ162/2016

ഫണ്ട് : സമ്പൂർണ്ണ ശുചിത്വ ഫണ്ട്

വൗച്ചർ നം.,തുക :21500851/19-01-2016, 250,000/-

ഫണ്ട് : തനതു ഫണ്ട്

വൗച്ചർ നം.,തുക :21500850/19-01-2016, 242,500/-

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ അന്നശ്ശേരി ഗ്രൗണ്ടിൽ കൊണ്ടുവന്ന് അവിടെ നിന്നും സംസ്കരിക്കുന്നതിനായി കയറ്റിയയക്കുന്നതിനായിട്ടാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തത്. മേൽ വൗച്ചർ പ്രകാരം പിൻവലിച്ച 492500/-രൂപ ഇങ്ങനെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.ചെലവ് വിശദാംശം ചുവടെ:

| | ഇനം | കൈപ്പറ്റിയ തുക | ഡി.ഡി.നം. |
|---|---|---|---|
| 1 | ബബീഷ് ,ഡ്രൈവർ വാർഡ് 8 (മാലിന്യങ്ങൾ അന്നശ്ശേരി ഗ്രൗണ്ടിൽ എത്തിച്ചതിന്) | 1680 | |
| 2 | സബീഷ് ,ഡ്രൈവർ വാർഡ് 7 ( -ടി- ) | 2940 | |
| 3 | പ്രജീഷ് ,ഡ്രൈവർ വാർഡ് 10 ( -ടി- ) | 3250 | |
| 4 | സുനിൽ ,ഡ്രൈവർ വാർഡ് ( -ടി- ) | 9000 | |
| 5 | കൃഷ്ണൻ ,ഡ്രൈവർ വാർഡ് 9 ( -ടി- ) | 4050 | |
| 6 | അഷ്റഫ് ,ഡ്രൈവർ വാർഡ് 2,3,9 ( -ടി- ) | 5500 | |
| 7 | അഖിലേഷ് ,ഡ്രൈവർ വാർഡ് 13,14,15 ( -ടി- ) | 11400 | |
| 8 | വിജയൻ ,ഡ്രൈവർ വാർഡ് ( -ടി- ) | 6650 | |
| 9 | സുരേഷ് ,ഡ്രൈവർ വാർഡ് ( -ടി- ) | 6650 | |
| 10 | ജ്യോതിഷ് ,ഡ്രൈവർ വാർഡ് ( -ടി- ) | 3300 | |
| 11 | സുധീഷ് ,ഡ്രൈവർ വാർഡ് ( -ടി- ) | 5500 | |
| 12 | സുധീഷ് ,ഡ്രൈവർ വാർഡ് 13,14 ( -ടി- ) | 8900 | |
| 13 | ജ്യോതി ,ഡ്രൈവർ വാർഡ് 11,12 ( -ടി- ) | 5600 | |
| 14 | റഷിഷ ,ഡ്രൈവർ വാർഡ് ( -ടി- ) | 4900 | |
| 15 | നാച്വറൽ ഗാർഡ് (അന്നശ്ശേരി ഗ്രൗണ്ടിൽ നിന്നും മാലിന്യങ്ങൾ സംസ്കരിക്കാൻ കൊണ്ടു പോയതിന്) | 200,000 | |
| 16 | നാച്വറൽ ഗാർഡ് (അന്നശ്ശേരി ഗ്രൗണ്ടിൽ നിന്നും മാലിന്യങ്ങൾ സംസ്കരിക്കാൻ കൊണ്ടു പോയതിന്) | 205,000 | |
| 17 | എൽ.സി.ഡി പ്രൊജക്ടർ വാടക | 2000 | |
| 18 | ഓണറേറിയം | 2400 | |
| 19 | ഡി.ടി.പി &ഫോട്ടോകോപ്പി | 280 | |
| 20 | പലവക | 500 | |
| 21 | ഡോക്യുമെന്റേഷൻ | 2000 | |
| 22 | ഓഡിറ്റിങ് | 1000 | |
| ആകെ | | 492500 | |

ചെലവിന്റെ സംഗ്രഹം ചുവടെ:

| | ഇനം | തുക |
|---|---|---|
| | നാച്വറൽ ഗാർഡ് (അന്നശ്ശേരി ഗ്രൗണ്ടിൽ നിന്നും മാലിന്യങ്ങൾ സംസ്കരിക്കാൻ കൊണ്ടു പോയതിന്) | 405,000 |
| | വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ അന്നശ്ശേരി ഗ്രൗണ്ടിൽ എത്തിച്ചതിന് | 79320 |
| | ക്ലാസ് | 8180 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കാണിക്കുന്നു.

1) നാച്വറൽ ഗാർഡ് എന്ന സ്ഥാപനത്തിന് അജൈവ മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള ശുചിത്വ മിഷന്റെ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

2) വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ അന്നശ്ശേരി ഗ്രൗണ്ടിൽ എത്തിച്ചതിന് 79320/-രൂപ നൽകിയെങ്കിലും ഈ ആവശ്യത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

3)അന്നശ്ശേരി ഗ്രൗണ്ടിൽ നിന്നും മാലിന്യങ്ങൾ സംസ്കരിക്കാൻ കൊണ്ടു പോയതിന്റെ അളവ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചുറപ്പുവരുത്തിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

കരാറുകാരനോട് ഐ.ടി.ഈടാക്കിയിട്ടില്ല.

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194സി അനുസരിച്ച് കോൺട്രാക്ടർമാരിൽ നിന്നും 30000/-രൂപയിൽ കൂടുതലുള്ള തുകയുടെ 1% ഇൻകം ടാക്സ് അടവാക്കേണ്ടതാണ്.പാൻ(PAN)രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ഐ.ടി ആയി ഈടാക്കേണ്ട തുകയുടെ ശതമാനം 20ആണ്.ഇവിടെ കരാറുകാരനായ ടി.വി.മുഹമ്മദ് അഷ്റഫ് പാൻ(PAN)രേഖപ്പെടുത്തിയിട്ടില്ല.അങ്ങനെ വരുമ്പോൾ കരാറുകാരനിൽ നിന്നും 20% ആദായ നികുതി ഈടാക്കി അടവാക്കേണ്ടിയിരുന്നു.

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതിന്റെ വിശദാംശം:

| | |
|---|---|
| കരിറുകാരന് നൽകിയ തുക | 405,000 |
| 30000/-രൂപ വരെയുള്ള ആദായ നികുതി | ഇല്ല |
| ആദായ നികുതി ഈടാക്കേണ്ട തുക<br>(405,000-30000 ) | 375,000 |
| ഈടാക്കേണ്ട ആദായ നികുതി1% നിരക്കിൽ | 3750 |
| ഈടാക്കേണ്ട ആദായ നികുതി20% നിരക്കിൽ<br>(പാൻ(PAN)രേഖപ്പെടുത്താത്തതിനാൽ) | 75000 |

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കാത്തതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ച 75000/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15 വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം:അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഫണ്ട്: ബി ഫണ്ട്

ബിൽ:35/28-03-2016,

തുക : 120,000/-

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം നൽകുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച 120,000/-രൂപ 4 അപേക്ഷകർക്കായി 30,000/-രൂപ വെച്ച് നൽകിയിട്ടുണ്ട്.ഇതിൽ ശ്രീമതി.പുഷ്പ.കെ.പി അവരുടെ മകളുടെ വിവാഹധനസഹായത്തിന് അപേക്ഷിച്ചതിൻപടി ഡി.ഡി നമ്പർ 483587/23-03-2016ആയി 30,000/-രൂപ ഇവർക്ക് നൽകിയിട്ടുണ്ട്. ഇങ്ങനെ ധനസഹായം അനുവദിച്ചത് സംബന്ധിച്ച അപാകതകൾ ചുവടെ കാണിക്കുന്നു.

1. വിവാഹത്തിന് ഒരു മാസം മുന്നേ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ലഭിക്കുന്നതിനായി അപേക്ഷ നൽകണം.സ.ഉ.(പി)339/2013/ധനം തിയ്യതി.12-07-2013 പ്രകാരം വിവാഹം കഴിഞ്ഞ തിയ്യതി മുതൽ ഒരു വർഷത്തിനകം വരെ സമർപ്പിക്കുന്ന അപേക്ഷകർക്ക് വിവാഹധനസഹായം നൽകുന്നതിനായി കലക്ടർക്കാണ് അധികാരമുള്ളത്. എന്നാൽ പുഷ്പ.കെ.പിയുടെ മകൾ സിനി.എസ്.പി(ഐ.ടി പ്രൊഫഷൻ)യുടെ വിവാഹം നടന്നത് 25-05-2015നാണ്.ഇവർ വിവാഹധനസഹായം ലഭിക്കുന്നതിനായി അപേക്ഷിച്ചത് വിവാഹം കഴിഞ്ഞ് 26-06-2015നാണ്. വിവാഹം കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള അധികാരം കലക്ടർക്കാണെന്നിരിക്കെ,സർക്കാർ ഉത്തരവ് മറികടന്നാണ് പഞ്ചായത്ത്, പുഷ്പ.കെ.പിയ്ക്ക് വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം അനുവദിച്ചത്.
2. സ.ഉ.(പി)339/2013/ധനം തിയ്യതി.12-07-2013 പ്രകാരം വിവാഹം കഴിക്കുന്ന പെൺകുട്ടിയുടെ പേരിൽ കുടുംബ വിഹിതമോ മാതാവിന്റേയോ പിതാവിന്റേയോ ഇഷ്ടദാനമോ ആയി വസ്തു,ധനം,ആഭരണം ഉൾപ്പെടെ 50,000/-രൂപയിൽ കവിയരുത്.എന്നാൽ ഇവിടെ വിവാഹം കഴിക്കുന്ന പെൺകുട്ടിയുടെ പേരിൽ കുടുംബ വിഹിതമോ മാതാവിന്റേയോ പിതാവിന്റേയോ ഇഷ്ടദാനമോ ആയി വസ്തു,ധനം,ആഭരണം ഉൾപ്പെടെ 50,000/-രൂപയിൽ കവിയുന്നില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കാതെ 30,000/-രൂപ വിവാഹ ധനസഹായം അനുവദിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 അതുല്യം തുടർസാക്ഷരത:പദ്ധതി നടത്തിപ്പിലെ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പ്രൊജക്ട് :അതുല്യം- തുടർ സാക്ഷരത

പ്രൊജക്ട് നമ്പർ: 140/2016

ഫണ്ട് : തനത് ഫണ്ട്

തുക : 20,000/-

മേൽ പ്രൊജക്റ്റ് പ്രകാരം തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് വിവിധ ഇനങ്ങളിലായിട്ടാണ് തുക ചെലവഴിച്ചിരിക്കുന്നത്.നാലാംതരം തുല്യത ക്ളാസ് നടത്തിപ്പും മറ്റനുബന്ധ പ്രവർത്തനങ്ങളുമാണ് പദ്ധതിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കിയത്.തലക്കുളത്തൂർ തുടർ വിദ്യാ കേന്ദ്രത്തിൽ വെച്ച് 30പഠിതാക്കൾക്കും,പൂഴിയിൽ തുടർ വിദ്യാ കേന്ദ്രത്തിൽ വെച്ച് 24 പഠിതാക്കൾക്കും,എടക്കര തുടർ വിദ്യാ കേന്ദ്രത്തിൽ വെച്ച് 25 പഠിതാക്കൾക്കും ആകെ 79 തുടർ സാക്ഷരതാ പഠിതാക്കൾക്ക് പഞ്ചായത്തിലെ മൂന്ന് കേന്ദ്രങ്ങളിൽ വെച്ച് ക്ളാസ് നടത്തിയത്. ചെലവിന്റെ വിശദാംശം ചുവടെ:

| | ആൾ | ഇനം | തുക | ഡി.ഡി.നമ്പർ |
|---|---|---|---|---|
| 1 | വിമല.പി.ടി | റെമ്യൂണറേഷൻ | 2000 | 484326/30-03-16 |
| 2 | അതുല്യ.കെ.പി | റെമ്യൂണറേഷൻ | 2000 | 484328/30-03-16 |
| 3 | പ്രീത.സി | റെമ്യൂണറേഷൻ | 2000 | 484330/30-03-16 |
| 4 | ഗിരീഷ് കുമാർ.എ | റെമ്യൂണറേഷൻ | 3000 | 484329/30-03-16 |
| 5 | റിൻസി.സി.പി | റെമ്യൂണറേഷൻ | 2000 | 484327/30-03-16 |
| 6 | ശാന്തി.ടി.പി | റെമ്യൂണറേഷൻ | 2000 | 484331/30-03-16 |
| 7 | രാജീവ്(ഫൈവ് സ്റ്റാർ തട്ടുകട) | ഭക്ഷണം | 3650 | 484332/30-03-16 |
| 8 | രാജീവ്,സിനിക് സ്റ്റുഡിയോ | ഫോട്ടോ | 1900 | 484334/30-03-16 |
| 9 | എസ്സൽ പ്രിന്റേഴ്സ്,പറമ്പത്ത് | പ്രിന്റിംഗ് | 1450 | 484333/30-03-16 |
| | | ആകെ | 20000 | |

അതുല്യം സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി രൂപരേഖ അനുസരിച്ച് മേൽ പ്രൊജക്റ്റ് സംബന്ധിച്ച അപാകതകൾ ചുവടെ കാണിക്കുന്നു:

1) ഗ്രാമപഞ്ചായത്തിനകത്ത് സർവ്വേ നടത്തി പഠിതാക്കളുടെ വിവരശേഖരണം നടത്തിയാണ് പ്രൊജക്റ്റ് ഏറ്റെടുക്കേണ്ടത്.എന്നാൽ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല പ്രൊജക്റ്റ് നടപ്പിലാക്കിയത്.

2) പഠിതാക്കളുടെ സമഗ്ര വിവര രജിസ്റ്റർ, സന്ദർശക രജിസ്റ്റർ, പഠനോപകരണ വിതരണ രജിസ്റ്റർ, ഡോക്യുമെന്റേഷൻ രജിസ്റ്റർ,പരീക്ഷാ റെക്കോർഡ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുകയും ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിട്ടില്ല.

3) പഠിതാക്കൾക്ക് സ്പോൺസർഷിപ്പിലൂടെ മാത്രമേ ലഘുഭക്ഷണ വിതരണം നടത്താൻ പാടുള്ളൂ.എന്നാൽ പദ്ധതി ചെലവിൽ 3650/-രൂപ ഭക്ഷണ വിതരണം നടത്താൻ വേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 1ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-17 തെരുവുനായ വന്ധീകരണം : വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ: വെറ്റിനറി സർജൻ

ഡി.ഡി നം.,തുക :484289/30-03-2016, 200,000/-

ഫണ്ട് : തനതുഫണ്ട്

പ്രൊജക്റ്റ്,നം.:165/16, തെരുവുനായ വന്ധീകരണം ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ

മേൽ ഡി.ഡി പ്രകാരം 200,000/-രൂപജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക നൽകുന്നതിന് അടിസ്ഥാനമായ, പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബജറ്റ്/പ്രൊജക്റ്റ് വിവരങ്ങൾ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് വിഹിതം നൽകിയത്.പഞ്ചായത്ത് നൽകിയ തുക പദ്ധതിക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ല. മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളികള് നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | – |
| | 2015-16 | 2300000 | ഇ.എം.എസ് സ്റ്റേഡിയം സൗകര്യപ്പെടുത്തൽ | 1000000 | 1300000 |
| | 2015-16 | 173 | അധിക ബ്ലോക്ക് വിഹിതം തിരിച്ചടയ്ക്കൽ | 173 | -- |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളികള് നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | -- |
| | 2015-16 | 1000000 | വാഴാർകുനി ഡ്രൈൻ കം ഫുട്പാത്ത് നിർമ്മാണം | 1000000 | – |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികളിൽ കുടിവെള്ളം | 891502/1415 | 19000 | -- | 19000 |
| | കൃഷിഭവനിൽ കുടിവെള്ളം | 38/14 | 25000 | -- | 25000 |

## 4-3 വായ്പ-വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | 533/10 /ത.സ്വ.ഭ.വ /18.2.2016 | 2015-16 | 39,49,150 | 1800000 | – | 2149150 |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1639561 |
| തൻവർഷം നിക്ഷേപിച്ച തുക | 155898 |
| ആകെ | 1795459 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1795459 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി നമ്പർ 100311807520164 | 1207955 |
| എഫ്.ഡി നമ്പർ 100311807520165 | 587504 |
| ആകെ | 1795459 |

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1813രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-1 | 800 | മുഹമ്മദ് അഷറഫ്, സീനിയർ സൂപ്രണ്ട് | 11508101362/11.8.2015 |
| 2006-07 | 3-1(3) | 1013 | വിനയകുമാർ, സീനിയർ ക്ലർക്ക് | 11508101927/26.9.2015 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 29 | 2003-04 | 3-11-13-6(2) | പവർ ടില്ലർ കൈമാറിയപ്പോൾ കരാർ വച്ചില്ല |

| | | | | |
|---|---|---|---|---|
| 2000-2001 | 9 | 2003-04 | 3-11-13-1(25) | പലഹാര നിർമ്മാണയൂണിറ്റ് പ്രവർത്തിച്ചില്ല |
| 2001-02 | 6 | 2003-04 | 3-11-13-1(26) | അലങ്കാരപ്പൂച്ചട്ടി നിർമ്മാണയൂണിറ്റ് പ്രവർത്തിച്ചില്ല |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35598053 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48461493 |
| വരവിനങ്ങളിലുള്ള നഷ്ടം | 5412 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 617041 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2302638 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3513 | | സി. ശിവാനന്ദൻ നായർ, സെക്രട്ടറി |
| 2-3 | 1899 | | സി. ശിവാനന്ദൻ നായർ, സെക്രട്ടറി |
| 3-1 | | 548316 | അശ്വതി. ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4404 | അശ്വതി. ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 2621 | അശ്വതി. ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 3000 | സി. ശിവാനന്ദൻ നായർ, സെക്രട്ടറി |
| 3-8 | | 49100 | സുധീര.എസ്.കെ, ഹെഡ്മിസ്ട്രസ്സ് |
| 3-9 | | 9600 | അംബിക രാജൻ നമ്പ്യാർ, വെറ്ററിനറി സർജൻ |
| ആകെ | 5412 | 617041 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 82086 | സി. ശിവാനന്ദൻ നായർ, സെക്രട്ടറി |
| 3-10 | 582059 | സുധീര.എസ്.കെ, ഹെഡ്മിസ്ട്രസ്സ് |
| 3-11 | 540000 | കൃഷ്ണദാസൻ, വി.ഇ.ഒ |
| 3-11 | 400000 | സുലൈമാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 100000 | ഡോ.ഹമീദ്.എൻ.കെ,മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| 3-13 | 55993 | സുധീര.എസ്.കെ, ഹെഡ്മിസ്ട്രസ്സ് |
| 3-14 | 492500 | സി. ശിവാനന്ദൻ നായർ, സെക്രട്ടറി |
| 3-15 | 30000 | സി. ശിവാനന്ദൻ നായർ, സെക്രട്ടറി |
| 3-16 | 20000 | സുധീര.എസ്.കെ, ഹെഡ്മിസ്ട്രസ്സ് |

| ആകെ | 2302638 | |
|---|---|---|

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

കേന്ദ്രസർക്കാർ-75000, ജില്ലാ പഞ്ചായത്ത്-33842

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി. ശിവാനന്ദൻ നായർ, സെക്രട്ടറി | സർവ്വീസിൽ നിന്ന് വിരമിച്ചു | കൊടക്കാട്ട്,കാക്കൂർ പി.ഒ, കോഴിക്കോട്, 673613 |
| സുലൈമാൻ, അസിസ്റ്റന്റ് സെക്രട്ടറി | സർവ്വീസിൽ നിന്ന് വിരമിച്ചു | കോലേരി, കക്കോടി പി.ഒ, കോഴിക്കോട് |
| അശ്വതി. ബി, അസിസ്റ്റന്റ് എഞ്ചിനീയർ | കോർപ്പറേഷൻ ഓഫീസ്,കോഴിക്കോട് | മാധവം, നെല്ലിക്കോട് പി.ഒ, കോഴിക്കോട് |
| അംബിക രാജൻ നമ്പ്യാർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, തലകുളത്തൂർ ഗ്രാമപഞ്ചായത്ത് | സിൽവർ ലൈൻസ്, മക്കട പി.ഒ, ചെറുകുളം |
| കൃഷ്ണദാസൻ, വി.ഇ.ഒ | വി.ഇ.ഒ, തലകുളത്തൂർ ഗ്രാമപഞ്ചായത്ത് | വള്ളപ്പുന്നി, ചാലിയം പി.ഒ, കോഴിക്കോട് |
| സുധീര.എസ്.കെ, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.സ്കൂൾ, അന്നശ്ശേരി | ധിഷണ, തലകുളത്തൂർ, കോഴിക്കോട് |
| ഡോ.ഹമീദ്.എൻ.കെ,മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തലകുളത്തൂർ ഗ്രാമപഞ്ചായത്ത് | ഹിംറാസ് , കാപ്പാട് പി.ഒ, കോഴിക്കോട് |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

,

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(5) തി.11.11.11 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി /പി2/1686/11(6) തി.11.11.11 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(7) തി.11.11.11 | 3 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(8) തി.11.11.11 | 6 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(9) തി.11.11.11 | 6 |
| 2001-02 ( ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(10) തി.11.11.11 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(11) തി.11.11.11 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(12) തി.11.11.11 | 4 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(13) തി.11.11.11 | 6 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2/1634/08 തി.13.01.09 | 12 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2/1241/09 തി.15.10.09 | 24 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2/1322/10 തി.20.12.10 | 20 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2/1322/10 തി.20.12.10 | 40 |

| | | |
|---|---|---|
| | | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2/1653/11 തി.12.01.12 | 34 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2/1536/12 തി.10.6.13 | 20 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2/246/13 തി.20.7.13 | 29 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി 12/2044/14 തി.4.3.15 | 17 |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി | |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം **1**</u>

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി.12/2301/2016.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി- 12.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA.KKD/P12/2301/2016.


Kerala State Audit Department
District Audit Office, Kozhikode
Phone 0495 2371012
E-mail – dokkd.ksad@kerala.gov.in

Dated 12-01-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thalakkulathur Grama Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit

Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Ayancheri Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.